# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാമനപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം /ജിപി 10/1576/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/12/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാമനപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം /ജിപി 10/1576/21 തീയ്യതി: 07/12/2021

## തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2021 | 18-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-10-2021 | 18-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ.കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സീന.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അൻവർരാജ്.എം., സിനീയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ദേവദാസ്.കെ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സന്തോഷ് കുമാർ.കെ.ബി. | സെക്രട്ടറി | 01-04-2019 | 03-04-2019 |
| ശ്രീ. രാജേഷ് കുമാർ.വി.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-04-2019 | 25-04-2019 |
| ശ്രീ. സന്തോഷ് കുമാർ.കെ.ബി. | സെക്രട്ടറി | 26-04-2019 | 12-01-2020 |
| ശ്രീ. രതീഷ് കുമാർ.ടി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2020 | 02-02-2020 |
| ശ്രീ. സന്തോഷ് കുമാർ.കെ.ബി. | സെക്രട്ടറി | 03-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജി.ആർ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ശ്രീകുമാർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ജാകിലിൻ.എസ്.എൽ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 29-08-2019 |
| ഡോ. രജനി.ആർ.വി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 30-08-2019 | 31-03-2020 |
| ശ്രീ. സുബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി ശാരിക | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി ലേഖ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സൌമ്യ.എസ്. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സതി കുമാരി.ബി. | എച്ച്.എം. | 01-04-2019 | 31-03-2020 |
| ഡോ. സഞ്ജീവ് കുമാർ.എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 15-09-2019 |
| ഡോ. ജോജോ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 16-09-2019 | 05-01-2020 |
| ഡോ. സഞ്ജീവ് | മെഡിക്കൽ ഓഫീസർ, | 06-01- | 13-02- |

| | | | |
|---|---|---|---|
| കുമാർ.എസ്. | പി.എച്ച്.സി | 2020 | 2020 |
| ഡോ. അനൂപ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 14-02-2020 | 02-03-2020 |
| ഡോ. സഞ്ജീവ് കുമാർ.എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 03-03-2020 | 17-03-2020 |
| ഡോ. അനൂപ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 18-03-2020 | 31-03-2020 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 02-04-2019 |
| ശ്രീ. രാജേഷ് കുമാർ.വി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 03-04-2019 | 05-06-2019 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 06-06-2019 | 27-06-2019 |
| ശ്രീ. രാജേഷ് കുമാർ.വി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 28-06-2019 | 30-06-2019 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2019 | 22-07-2019 |
| ശ്രീ. രതീഷ് കുമാർ.ടി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീമതി ദീപ്തി.ബി.എൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-1 |
| 2 | പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Manesh.B.H (Audit Officer, On 19-10-2021) | 1-1-1 |
| 3 | ബജറ്റ് രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-1-2 |
| 4 | പ്രതിമാസ ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-1-3 |
| 5 | ബജറ്റുമായി ബന്ധപ്പെട്ട വാർഷിക അവലോകനം നടത്തുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Manesh.B.H (Audit Officer, On 19-10-2021) | 1-1-4 |
| 6 | ബജറ്റ്, റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെക്കാൾ അധികമായും ചെലവ് ചെയ്തു<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-1-5 |
| 7 | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ വ്യത്യാസം<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-1-6 |
| 8 | ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് പാസാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-1-7 |
| 9 | വാർഷിക ധനകാര്യ പത്രിക<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2 |
| 10 | അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള രേഖകൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 1-2-1 |
| 11 | മുൻ വർഷം വസ്തു നികുതി ഇനത്തിൽ കുടിശ്ശികയില്ലെങ്കിലും 2019-20ൽ കുടിശ്ശിക ഇനത്തിൽ വരവ്<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-2 |
| 12 | ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭ്യമായ 13000/- രൂപ ചെലവഴിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 1-2-3 |
| 13 | ആസ്തി ആർജ്ജിച്ചിട്ടും ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിലെ ആസ്തിയിൽ ഉൾപ്പെട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: K Sreeja (Deputy Director, On 07-12-2021) | 1-2-4 |
| 14 | | 1-2-5 |

| | | |
|---|---|---|
| | ആസ്തി രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | |
| 15 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-6 |
| 16 | ചെക്ക് പ്രകാരം നൽകിയ തുക പിൻലവിച്ചിട്ടും Cheque Issued But Not Presented To Bank -ൽ ഉൾപ്പെട്ടിട്ടുണ്ട്<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-7 |
| 17 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-8 |
| 18 | ചെലവഴിക്കാത്ത ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-9 |
| 19 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-10 |
| 20 | 2018-19 വർഷം വരെയുള്ള നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-11 |
| 21 | കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-12 |
| 22 | Liability In Respect Of Stale Cheque ഇനത്തിൽ നീക്കിയിരിപ്പായ തുക വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Manesh.B.H (Audit Officer, On 20-10-2021) | 1-2-13 |
| 23 | അക്കൗണ്ട്സ് - മറ്റ് അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-2-14 |
| 24 | സാമ്പത്തിക വിശകലനം<br>Written By: Rekha C S (Senior Grade Auditor, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 07-12-2021) | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-4 |
| 26 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ).സി.ആറുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-4-1 |
| 27 | വകയിരുത്തിയ തുക ഭാഗികമായി മാത്രം ചെലവഴിക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-4-2 |
| 28 | വകയിരുത്തിയ തുക ചെലവഴിച്ചില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-4-3 |
| 29 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 17-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-5 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| | Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | |
| 31 | MNREGS ചെലവും നീക്കിയിരിപ്പും എ.എഫ്.എസും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-6-1 |
| 32 | തൊഴിലുറപ്പ് പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Manesh.B.H (Audit Officer, On 20-10-2021) | 1-6-2 |
| 33 | ക്ഷേമ പദ്ധതികൾ<br>Written By: Lisha.K.V (Asst. Audit Officer, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-7 |
| 34 | തൊഴിൽ രഹിത വേതനം -പ്രായ പരിധി കഴിഞ്ഞ ഗുണഭോക്താവിന് തുക അനുവദിച്ചു<br>Written By: Lisha.K.V (Asst. Audit Officer, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-7-1 |
| 35 | ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ നൽകി-12800 രൂപ സർക്കാരിന് നഷ്ടം<br>Written By: Lisha.K.V (Asst. Audit Officer, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-7-2 |
| 36 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-8 |
| 37 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 21-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-9 |
| 38 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 14-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-10 |
| 39 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Anwar Raj.M (Senior Grade Auditor, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-11 |
| 40 | അനധികൃത കെട്ടിടങ്ങളുടെ നികുതിയിനത്തിൽ തുക ലഭിക്കാനുണ്ട്<br>Written By: Anwar Raj.M (Senior Grade Auditor, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-12 |
| 41 | ഒഴിവാക്കലിന്റെ പരിധിയിൽ വരാത്ത കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി<br>Written By: Anwar Raj.M (Senior Grade Auditor, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-13 |
| 42 | ആസ്തി സംരക്ഷണ നടപടികൾ യഥാവിധിയല്ല<br>Written By: Manesh.B.H (Audit Officer, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-14 |
| 43 | മൃഗസംരക്ഷണം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Zeena K (Senior Grade Auditor, On 17-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-15 |
| 44 | എസ്.എസ്.കെ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Zeena K (Senior Grade Auditor, On 17-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-16 |
| 45 | എസ്.എൽ.ഐ പ്രീമിയം തുക അടവാക്കിയതിൽ കുറവ്<br>Written By: Zeena K (Senior Grade Auditor, On 17-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-17 |
| 46 | അംഗൻവാടികളുടെ പ്രവർത്തനം<br>Written By: Zeena K (Senior Grade Auditor, On 17-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-18 |
| 47 | | 1-19 |

| | | |
|---|---|---|
| | ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | |
| 48 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 12-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-20 |
| 49 | പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികളില്ല<br>Written By: Manesh.B.H (Audit Officer, On 12-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-21 |
| 50 | ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 13-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-22 |
| 51 | ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Manesh.B.H (Audit Officer, On 13-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-23 |
| 52 | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 13-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-24 |
| 53 | കേദാരം നെൽകൃഷി -രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല -178884/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-25 |
| 54 | ഗ്രോബാഗുകളുടെ സ്റ്റോക്ക് - വിതരണ രേഖകൾ ഇല്ല -220000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-26 |
| 55 | ഗുണഭോക്തൃവിഹിതം പിരിച്ചതിൽ അപാകത<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-27 |
| 56 | കൃഷി ഓഫിസർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 18-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-28 |
| 57 | മരാമത്ത് പ്രവൃത്തികൾ – പൊതു അപാകതകൾ<br>Written By: Manesh.B.H (Audit Officer, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-29 |
| 58 | 4.71 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന രഹിതം<br>Written By: Manesh.B.H (Audit Officer, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-30 |
| 59 | ചാരുപാറ കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Manesh.B.H (Audit Officer, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-31 |
| 60 | ഈട്ടിമൂട് പേഴുംമൂട് അംഗൻവാടി മെയിന്റനൻസ് - പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Manesh.B.H (Audit Officer, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-32 |
| 61 | സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു<br>Written By: Manesh.B.H (Audit Officer, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-33 |
| 62 | യഥാസമയം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയില്ല<br>Written By: Manesh.B.H (Audit Officer, On 19-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-34 |
| 63 | മരുന്നുകൾ ലഭ്യമാക്കാൻ കാലതാമസം<br>Written By: Anwar Raj.M (Senior Grade Auditor, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-35 |
| 64 | | 1-36 |

| | | |
|---|---|---|
| | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - അപാകങ്ങൾ<br>Written By: Anwar Raj.M (Senior Grade Auditor, On 20-10-2021)<br>Last Updated By: Manesh.B.H (Audit Officer, On 20-10-2021) | |
| 65 | പട്ടിക ജാതി വിദ്യാർഥികൾക്ക് ലാപ്ടോപ് വിതരണം- അധികം നൽകിയ 31,717/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-37 |
| 66 | സ്കൂളുകൾക്ക് പ്രിന്ററുകൾ വാങ്ങൽ - ടാക്സ് ഇൻവോയ്സ് ലഭ്യമല്ല- 88,356/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-38 |
| 67 | പദ്ധതിയിലുൾപ്പെടാത്ത ഇനത്തിനായി തുക ചെലവഴിക്കൽ - ചെലവ് തുക 3,99,995/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 20-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 1-39 |
| 68 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായതിന്റെ വിവരം ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 20-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 1-40 |
| 69 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പുതുക്കിയ വിസ്തീർണത്തിനനുസരിച്ച് കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ചിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 20-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 1-41 |
| | **ഭാഗം 2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 21-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 2-1 |
| | **ഭാഗം 3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 21-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rekha C S (Senior Grade Auditor, On 19-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 14-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rekha C S (Senior Grade Auditor, On 21-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 14-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 14-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 21-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 14-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 21-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 14-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.02.2019ലെ തീരുമാനം 1(1) നമ്പർ തീരുമാന പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് മുൻബാക്കി 3552223/- രൂപയും, പ്രതീക്ഷിത വരുമാനം 401543405/-രൂപയും ചേർത്ത് ആകെ വരവ് 405095628/-രൂപയും ആകെ ചെലവ് 401692405/-രൂപയും നീക്കിബാക്കി 3403223/-രൂപയും ആണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 27.02.2019 ലെ തീരുമാനം 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

### 1-1-1 പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ(Annexure 6)

3.പെർഫോമൻസ് ബജറ്റ് (Annexure 10)

4.ജെൻഡർ ബജറ്റ്(Annexure 11)

പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15ന് മറുപടി ലഭിച്ചില്ല. പ്രസ്തുത രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

### 1-1-2 ബജറ്റ് രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം, സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ (തീയതി ഉൾപ്പെടെ ) വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15ന് മറുപടി ലഭിച്ചില്ല. ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനായി ഫയലും ലഭ്യമായില്ല.

| ക്രമ നമ്പർ | ഇനം | സമയം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ലഭ്യമല്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ലഭ്യമല്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 21.01.2019 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | ലഭ്യമല്ല |

| | | | |
|---|---|---|---|
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 19.02.2019 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 26.02.2019 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27.02.2019 |

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകിയ വരവ് -ചെലവിന്മേലുള്ള നോൺ പ്ലാൻ പ്രൊപ്പോസൽ (Annexure 1&2), സെക്രട്ടറി തയ്യാറാക്കി നൽകിയ വരവ് -ചെലവിന്മേലുള്ള നോൺ പ്ലാൻ പ്രൊപ്പോസൽ (Annexure 3&4), വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ തയ്യാറാക്കി നൽകിയ വരവ് -ചെലവിന്മേലുള്ള കൺസോളിഡേറ്റഡ് നോൺ പ്ലാൻ പ്രൊപ്പോസൽ (Annexure 5.1&5.2) എന്നിവയും പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതിനാൽ 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

## 1-1-3 പ്രതിമാസ ബജറ്റ് അവലോകനം നടത്തുന്നില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15ന് മറുപടിയും ലഭിച്ചില്ല. വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച വിലയിരുത്തൽ മാസംതോറും നടത്തുന്നത് വരുമാനം മെച്ചപ്പെടുത്തുന്നതിനും വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സഹായകരമാണ്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-1-4 ബജറ്റുമായി ബന്ധപ്പെട്ട വാർഷിക അവലോകനം നടത്തുന്നില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മറ്റി മിനിട്സിലും രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15ന് മറുപടി ലഭിച്ചില്ല. സാമ്പത്തിക നിയന്ത്രണത്തിന്റെ തൂണുകളിൽ ഒന്നായ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-1-5 ബജറ്റ്, റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെക്കാൾ അധികമായും ചെലവ് ചെയ്തു

ബജറ്റ്, റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും - മറ്റ് വിളകൾ | 2501002 | 0 | 0 | 165000 |
| 2 | മറ്റ് കാർഷിക വികസന പരിപാടികൾ | 2501003 | 0 | 0 | 70000 |
| 3. | ബയോഗ്യസ് പ്ലാന്റ് | 2505005 | 0 | 0 | 110000 |
| 4 | ശുചിത്വം | 2512004 | 250000 | 250000 | 899531 |
| 5 | വിദ്യാഭ്യാസം അനുബന്ധ പ്രവർത്തികൾ-ജനറൽ | 2511013 | 0 | 0 | 300000 |
| 6 | പൊതു ശുചിത്വം-മാലിന്യ പരിപാലനം | 2512026 | 300000 | 300000 | 387740 |
| 7 | വനിതാ ശിശുക്ഷേമ പരിപാടികൾ | 2514001 | 0 | 0 | 171928 |
| 8 | ഇലക്ട്രിഫിക്കേഷൻ ജനറൽ | 2513004 | 0 | 0 | 202959 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15ന് മറുപടി ലഭിച്ചില്ല.

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവ്-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

**1-1-6 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ വ്യത്യാസം**

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | എ.എഫ.എസ്.പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|---|---|
| 1 | 1401201 | പെർമിറ്റ് ഫീ | 87540 | 250000 |
| 2 | 1401001 | രജിസ്ട്രേഷൻ ഫീ | 5350 | 150000 |
| 3 | 1102001 | തോഴിൽ നികുതി | 1045720 | 1300000 |
| 4 | 1301001 | പഞ്ചായത്ത് സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 886081 | 1050000 |
| 5 | 1402001 | പെനാൽറ്റീസ് & ഫൈൻ | 53468 | 275000 |
| 6 | 1101001 | വസ്തു നികുതി | 1558552 | 1800000 |
| 7 | 1303001 | ആഡിറ്റോറിയം/ഹാൾ വാടക | 12590 | 35000 |
| 8 | 1308001 | മറ്റ് വാടകകൾ | 3000 | 25000 |

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15ന് മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ എങ്ങനെ, എത്രമാത്രം സമാഹരിക്കുമെന്നും അയത് എങ്ങനെ വിനിയോഗിക്കുമെന്നും വർഷാരംഭത്തിനു മുമ്പേ പ്രഖ്യപിക്കുന്നതാണ് ബജറ്റ്. ആയതിനാൽ പ്രതീക്ഷിത വരവ് കണക്കാക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

**1-1-7 ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് പാസാക്കിയിട്ടില്ല**

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം, ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരീക്കുകയും വേണം(214(5)). എന്നാൽ അത്തരത്തിൽ സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസ്സാക്കിയ ഫിനാൻസ് മാനേജ്മെന്റ് മാനുവലിലെ ഖ.4.1.3 പ്രകാരം അത്യാവശ്യഘട്ടങ്ങളിൽ ബജറ്റിനെ അധികരിച്ച് ചെലവ് ചെയ്യുകയാണെങ്കിൽ സപ്ലിമെന്ററി ബജറ്റോ പതുക്കിയ ബജറ്റോ അടുത്ത ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ പാസാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21-ലെ ബജറ്റിനൊപ്പം 2019-20-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പാസാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ

15ന് മറുപടി ലഭിച്ചില്ല). 2020-21-ലെ ബജറ്റിനൊപ്പമുള്ള 2019-20-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ്, സപ്ലിമെന്ററി ബജറ്റിനോ പുതുക്കിയ ബജറ്റിനോ പകരമുള്ളതല്ല. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-2 വാർഷിക ധനകാര്യ പത്രിക**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 17.06.2020 |

**1-2-1 അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള രേഖകൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല**

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14) മറുപടി ലഭിച്ചില്ല.

**1-2-2 മുൻ വർഷം വസ്തു നികുതി ഇനത്തിൽ കുടിശ്ശികയില്ലെങ്കിലും 2019-20ൽ കുടിശ്ശിക ഇനത്തിൽ വരവ്**

2018-19 സാമ്പത്തിക വർഷത്തെ AFS-ലെ B-15 -Sundry Debtors(Receivable) പ്രകാരം യാതൊരു തുകയും കുടിശ്ശികയില്ല. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ AFS-ലെ RP-43 -Sundry Debtors(Receivable) എന്ന ഷെഡ്യൂളിൽ Receivable From Property Tax On Residential Building(Arrear) ഇനത്തിൽ 5225/- രൂപയും Receivable From Property Tax On Non- Residential Building(Arrear) ഇനത്തിൽ 4151/- രൂപയും വരവ് വന്നിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ AFS-ലെ State Levies In Property Tax ഇനത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14നുള്ള മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിലെ പിശക് മൂലമാണ് പ്രസ്തുത കുടിശ്ശിക തുകകൾ വന്നതെന്ന് അറിയിച്ചിരിക്കുന്നു.

**1-2-3 ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭ്യമായ 13000/- രൂപ ചെലവഴിച്ചിട്ടില്ല**

2019-20 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതം (Beneficiary Contribuion) ഇനത്തിൽ 13000/- രൂപ നീക്കിയിരിപ്പുണ്ട്. ആയതുമായി ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ 5000/- രൂപ 2018-19 സാമ്പത്തിക വർഷത്തിൽ നീക്കിയിരിപ്പുള്ള തുകയാണ്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിവരവും നീക്കിയിരിപ്പായതിന് കാരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ബാക്കി നീക്കിയിരിപ്പുള്ള 8000/-രൂപ ഹരിത ഭവനം (നമ്പർ 51/20) പദ്ധതിയുടേതാണ്. പ്രസ്തുത തുക നീക്കിയിരിപ്പായതിന് വിശദീകരണം ലഭ്യമായില്ല. ഗുണഭോക്തൃ വിഹിതം ഇനത്തിൽ നീക്കിയിരിപ്പായ തുക സ്പിൽ ഓവർ പദ്ധതികളായി നടപ്പിലാക്കി ചെലവഴിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-2-4 ആസ്തി ആർജ്ജിച്ചിട്ടും ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിലെ ആസ്തിയിൽ ഉൾപ്പെട്ടില്ല**

2019-20 AFSലെ B-11- Fixed Asset Schedule പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ 2018-19, 2019-20 എന്നീ വർഷങ്ങളിൽ ഒരേ നീക്കിയിരിപ്പാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 410200102 | Building -Bus Stand | 35000/- |
| 410300101 | Roads -Cement Concrete | 1056583/- |
| 410300102 | Roads-Tarred | 10082511/- |
| 410300103 | Roads- Metals | 5408853/- |
| 410300105 | Roads-Earthern | 497969/- |
| 410300301 | Culverts | 2246914/- |
| | | |

| | | |
|---|---|---|
| 410300399 | Other Constructions | 3422603/- |
| 410500102 | Irrigation-Distribution System | 392794/- |
| 410600102 | Electricity-Line Extension | 49750/- |
| 410600104 | Electricity-Street Lights | 3102372/- |
| 410700102 | Waste Treatment-Biogas Plant | 899818/- |
| 410700199 | Waste Treatment-Others | 5000/- |
| 410710101 | Movable Asset- Plant ,Machinery, Tools | 574286/- |
| 410800101 | Other Fixed Asset | 15796/- |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 34 നുള്ള മറുപടിയിൽ പ്രസ്തുത ഹെഡുകളിൽ പുതിയ ആസ്തികൾ 2018-19, 2019-20 വർഷങ്ങളിൽ സൃഷ്ടിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്.
എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഉപ്പട്ടിക്കടവ് റോഡ് കൺസ്ട്രക്ഷൻ(81/20) എന്ന പദ്ധതിയ്ക്കായി 298467/- രൂപയും കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ്(167/20) എന്ന പദ്ധതിയ്ക്കായി 110000/- രൂപയും കാഞ്ഞിരംപാറ-നെടുംകുഴി-താളിക്കോട് റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ്(153/20) എന്ന പദ്ധതിയ്ക്കായി 851740/-രൂപയും ചെലവ് വന്നിട്ടുണ്ട്. എന്നാൽ ആയത് യഥാക്രമം B-11- Fixed Asset Schedule ലെ 410300101-Roads -Cement Concrete, 410700102-Waste Treatment-Biogas Plant, 410300102-Roads -Tarred എന്ന ഹെഡുകളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34 നുള്ള മറുപടിയിൽ Expenditure Headകൾ സുലേഖ സോഫ്റ്റ്വെയറിൽ പദ്ധതി രൂപീകരണ സമയത്ത് സെക്ടർ, മൈക്രോ സെക്ടർ കോഡുകൾ കൊടുക്കുന്ന മുറയ്ക്കാണ് സാംഖ്യയിൽ ചെലവ് ഹെഡുകൾ വരുന്നതെന്നും പദ്ധതി രൂപീകരണ സമയത്ത് പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ കോഡുകൾ മാറിപ്പോയതിനാലാണ് അപാകത സംഭവിച്ചതെന്നും അറിയിച്ചിരിക്കുന്നു.

## 1-2-5 ആസ്തി രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നില്ല

പരിശോധനയ്ക്കായി ലഭ്യമാക്കിയ Asset Register പ്രകാരം റോഡുകളുടെ ആസ്തി മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. പ്രസ്തുത രജിസ്റ്ററിൽ Acquisition Date And Book Value, Addition Date And Cost, Deduction Date And Cost, Depreciation(%) എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല മറ്റ് ആസ്തികളുമായി ബന്ധപ്പെട്ട ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34 ന് മറുപടി ലഭിച്ചില്ല. B-11-Fixed Asset Schedule പ്രകാരമുള്ള Depreciation കണക്കാക്കിയതിന്റെ ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും ആയത് AFS-മായി പൊരുത്തപ്പെടുന്നില്ല.

## 1-2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്

പരിശോധനയ്ക്കായി ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മൂന്നു വർഷത്തിന്മേൽ കാലാവധികഴിഞ്ഞ ഡെപ്പോസിറ്റുകൾ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2016വരെ ലഭിച്ച ഡെപ്പോസിറ്റുകൾ തിരിച്ച് നൽകാത്തതിന്റെ ആകെ തുക |
|---|---|
| ContractorsEMD | 11652/-(2.06.15) |
| BiddersEMD | 31167/-(28.12.16) |
| Bidders Security Deposit | 8588/-(27.12.16) |
| Contractors Security Deposit | 2928/-(2.06.15) |
| Contractors Retention | 3443/-(11.03.16) |
| Other Deposit | 39850/-(26.04.16) |
| Rent Deposit | 172546/-(23.12.16) |
| Auction Deposit | 3835/-(31.03.16) |
| Water Deposit | 600/-(20.06.16) |
| Rent From Auditorium And Halls | 1500/-(26.09.16) |
| Other Deposit-Revenue | 3054/-(25.01.13) |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34 നുള്ള മറുപടിയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി ആയത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2-7 ചെക്ക് പ്രകാരം നൽകിയ തുക പിൻലവിച്ചിട്ടും Cheque Issued But Not Presented To Bank -ൽ ഉൾപ്പെട്ടിട്ടുണ്ട്

NREGS അക്കൗണ്ടിന്റെ മാർച്ച് 31-ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented To Bank ഇനത്തിലുള്ള ആകെ തുക 3100/- രൂപയാണ്. ഇതിൽ 16.10.2019ൽ ചെക്ക് നമ്പർ 438723 പ്രകാരം നൽകിയ തുകയായ 1000/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 21.10.2019-ന് തുക പിൻവലിച്ചിട്ടുണ്ട്. ചെക്ക് പ്രകാരം പിൻവലിച്ച തുക മാർച്ച് 31-ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Issued But Not Presented To Bank -ൽ ഉൾപ്പെട്ടതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34 നുള്ള മറുപടിയിൽ 2019 ഒക്ടോബർ മാസത്തിൽ 1000 രൂപാ വരവ് ഉണ്ടായിരുന്നത് ബാങ്ക് ബുക്കിൽ വരവ് എടുക്കാൻ വിട്ടുപോയെന്നും ആയത് ക്രമീകരിക്കുമ്പോൾ പ്രസ്തുത വ്യത്യാസം ഒഴിവാകുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-2-8 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്ടുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 320700105 | Joint Venture -Capital Expenditure -District Panchayath | 1250000 | 0 | 0 | 1250000 |
| 320700204 | Joint Venture -Revenue Expenditure -Block Panchayath | 394168 | 2515217 (285090+2230127) | 2565023 (285090+ 2279933) | 344362 |
| 320700205 | Joint Venture -Revenue Expenditure -District Panchayath | 568104 | 1365447 (1358247+7200) | 1358247 | 575304 |
| **ആകെ** | | **2212272** | **3880664** | **3923270** | **2169666** |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 2169666/- രൂപയാണ്. എന്നാൽ AFS പ്രകാരം ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 1497041/- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും വ്യത്യാസം വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14നുള്ള മറുപടിയിൽ വ്യത്യാസമായി വരുന്ന തുക തൻ വർഷവും മുൻവർഷങ്ങളിലും Treasury TSB, SBI Ownfund എന്നീ അക്കൗണ്ടുകളിൽ

ക്രെഡിറ്റായി വന്ന തുകയാണെന്ന് അറിയിച്ചിരിക്കുന്നു. സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടുകൾ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ വരവ് വെയ്ക്കാത്തതാണ് ഇത്തരത്തിൽ അപാകത ഉണ്ടാകുന്നത്.

## 1-2-9 ചെലവഴിക്കാത്ത ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതാണ്

2018-19, 2019-20 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂൾ പ്രകാരം Joint Venture -Capital Expenditure -District Panchayath ഇനത്തിൽ 1250000/- രൂപയും Joint Venture – Revenue Expenditure -District Panchayath ഇനത്തിൽ 575304/- രൂപയും നീക്കിയിരിപ്പുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂൾ പ്രകാരം Joint Venture - Revenue Expenditure -Block Panchayath ഇനത്തിൽ 344362/-രൂപയും നീക്കിയിരിപ്പാണ്.

23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. ആയത് നാളിതുവരെ ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14നുള്ള മറുപടിയിൽ 1250000/- രൂപ ബഡ്സ് സ്കൂളിനായി വന്ന തുകയാണെന്നും 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത തുകയിൽ നിന്നും 401284/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, 344362/-രൂപയ്ക്ക് ആവശ്യമായ റിക്വിസിഷൻ ലഭിക്കുന്ന മുറയ്ക്ക് ചെലവഴിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടില്ലെങ്കിൽ, ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-2-10 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

B-18 Schedule പ്രകാരം താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

| ഇനം | തുക |
|---|---|
| Festival Advance | 22300/- |
| Temporary Advance For Official Purpose | 72180/- |
| Other Advance | 450952/- |
| Advance To Implementing Officers | 3798587/- |
| Advance To Others | 20248/- |

അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആയതിന്റെ വിശദാംശം പരിശോധിക്കാൻ കഴിഞ്ഞില്ല.

പ്രസ്തുത മുൻകൂറുകൾ ക്രമീകരിക്കാത്തതിന് വിശദീകരണവും അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി 34 നുള്ള മറുപടിയിൽ അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും പ്രസ്തുത അഡ്വാൻസുകൾ തിരികെ ലഭിക്കാത്തതിനാലാണ് ക്രമീകരിക്കാത്തതെന്ന് അറിയിച്ചിരിക്കുന്നു. ജി.ഒ. (എം.എസ്.) 419/2011 ധനം 04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചുപിടിക്കേണ്ടതും തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുമാണ്. പ്രസ്തുത തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-11 2018-19 വർഷം വരെയുള്ള നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

B-18 Schedule പ്രകാരം, 2018-19 വർഷം വരെ ഡെപ്പോസിറ്റ് വർക്കുകൾക്കായി നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുക ക്രമീകരിക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Advance To Implementing Agencies-Deposit In KWA | 5960274/- |
| Advance To Implementing Agencies-Deposit In KSEB | 339560/- |

ഡെപ്പോസിറ്റ് തുകകൾക്ക് Utilisation Certificate ലഭിക്കാത്തതിനാലാണ് ക്രമീകരിക്കാത്തതെന്ന് ഒഡിറ്റ് എൻക്വയറി 34 നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. 20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-12 കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്ത് നൽകിയ മൂന്നു മാസത്തിൽ കൂടുതൽ കാലാവധി കഴിഞ്ഞ ചെക്കുകൾ പണമാക്കാതെ കിടക്കുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

SBI-Life

| വൗച്ചർനമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 21900293 | 2/7/2019 | 69369 | 2/7/2019 | 60000/- |

Treasury TSB

| വൗച്ചർനമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 31900342 | 9/1/20 | 3045875 | 9/1/20 | 2093/- |

SBI Own Fund

| വൗച്ചർനമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 21900882 | 18.12.2019 | 60468 | 18.12.2019 | 450/- |
| 21900598 | 15.10.2019 | 439575 | 15.10.2019 | 297/- |
| 21900202 | 14.06.2019 | 926915 | 13.06.2019 | 2000/- |
| 21900093 | 8.05.2019 | 926867 | 07.05.2019 | 212/- |
| 21900247 | 24.06.2019 | 926934 | 24.02.2019 | 759/- |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി 34 നുള്ള മറുപടിയിൽ കമ്മറ്റി തീരുമാനമെടുത്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അഥിയിച്ചിതിക്കുന്നു. ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരവായി ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-13 Liability In Respect Of Stale Cheque ഇനത്തിൽ നീക്കിയിരിപ്പായ തുക വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ AFS-ലെ B9- Other Liabilities( Sundry Creditors) പ്രകാരം Liability In Respect Of Stale Cheque(350800101) ഇനത്തിൽ 57490/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിലേക്ക് മാറ്റാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14നുള്ള മറുപടിയിൽ പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭിക്കുന്ന മുറയ്ക്ക് മാറ്റിയിടുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത തുക വരുമാന ശീർഷകത്തിലേക്ക് മാറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-14 അക്കൗണ്ട്സ് - മറ്റ് അപാകതകൾ

**1.** B4ഷെഡ്യൂളിലെ Beneficiary Contribuion ഹെഡുമായി ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ 46/20 (കേദാരം നെൽകൃഷി) നമ്പർ പദ്ധതിയ്ക്കായി 6/1/2020-ൽ 30000/- രൂപയും 7/1/2020-ൽ 19000/- രൂപയും 8/1/2020-ൽ 6000/- രൂപയും ലഭിക്കുകയും ആയത് മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ Expenditure Statement പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് Beneficiary Contribuion ഇനത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14 നുള്ള മറുപടിയിൽ പ്രസ്തുത തുക സുലേഖ സോഫ്റ്റ് വെയറിലെ സാങ്കേതിക തടസ്സം കാരണം ചെലവ് രേഖപ്പെടുത്തിയതാണെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുക വനിതാ പച്ചക്കറി കൃഷി(ഗ്രോ ബാഗ്)(45/2020) എന്ന പദ്ധതിയ്ക്കായി Beneficiary Contribuion ഇനത്തിൽ ചെലവഴിച്ച തുകയാണ്.

**2.** 2019-20 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ Joint Venture -Revenue Expenditure -Block Panchayath ഹെഡുമായി ബന്ധപ്പെട്ട ലഡ്ജർ പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് - 394168/-

വരവ് -2230127/-

ചെലവ് -2279933/-

നീക്കിയിരിപ്പ് - 344362/-

എന്നാൽ Expenditure Statement പ്രകാരമുള്ള ചെലവ് തുക 1908678/- രൂപയാണ്. (257625/-(സ്നേഹസ്പർശം) + 1289148/-(ലൈഫ് (ജനറൽ)) + 361905/- (ഏലക്കോണം എസ്.സി കോളനി കുടിവെള്ള പദ്ധതി)). ബാക്കി 371195/- രൂപ ഏത് പദ്ധതിയ്ക്കാണ് ചെലവഴിച്ചതെന്ന് വ്യക്തതയില്ല. ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14ന് വ്യക്തമായ മറുപടി ലഭിച്ചില്ല.

**3.** ക്ഷീരസമൃദ്ധി പദ്ധതിയ്ക്കായി 285090/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിക്കുകയും ആയത് മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ച്വർ അക്കൗണ്ടിൽ പ്രസ്തുത വരവ്-ചെലവ് വന്നിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14നുള്ള മറുപടിയിൽ പ്രസ്തുത പദ്ധതിയ്ക്ക് ഡയറക്റ്റ് എക്സ്പെന്റീച്ചർ ആയതിനാലാണ് ബാങ്ക് ബുക്കിൽ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിരിക്കുന്നു.

**4.** General Purpose Fund ഇനത്തിൽ ACR പ്രകാരമുള്ള വരവ് 10298140/- രൂപയാണ്. എന്നാൽ AFS പ്രകാരമുള്ള വരവ് 10298059/- രൂപയാണ്. ആയതിന് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 34നുള്ള മറുപടിയിൽ 26.09.2019-ൽ രസീത് നം.119090900008 പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും, എന്നാൽ വരവെടുത്ത ഹെഡിൽ വന്ന അപാകത മൂലമാണ് ടി വ്യത്യാസം ഉണ്ടായതെന്നും അറിയിച്ചിരിക്കുന്നു. വികസന ഫണ്ട്(സി.എഫ്.സി) ഇനത്തിൽ ACR പ്രകാരമുള്ള വരവ് 7217076/- രൂപയാണ്. എന്നാൽ AFS പ്രകാരമുള്ള വരവ് 6601742/- രൂപയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 34ന് മറുപടിയിൽ വ്യത്യാസമായി വന്ന 615334/- രൂപ പ്രോജക്റ്റ് നം. 82/20 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ചെലവ് ആയിട്ടില്ലെന്ന് അറിയിച്ചിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6892158 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79834459 |
| ആകെ | 86726617 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79460977 |
| നീക്കിയിരിപ്പ് | 7265640 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 10728572 | 10728572 | 12439269 | -1710717 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4770824 | 47740824 | 2862103 | 1908721 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 10797662 | 10797662 | 6601742 | 4195920 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 17502000 | 17502000 | 6465238 | 11036762 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4332000 | 4332000 | 4096577 | 235423 |
| CSS | 0 | 0 | 0 | 1500980 | -1500980 |
| SSS | 0 | 0 | 0 | 17600491 | -17600491 |

CSS, SSS എന്നീ ഫണ്ടുകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് 0 -വും നീക്കിയിരിപ്പ് Negative Balance-ഉം ആണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 35-ന് മറുപടി ലഭിച്ചില്ല

ലഭ്യമായ ഫണ്ടിൽ വലിയ തുകകൾ ചെലവഴിക്കാതെ നഷ്ടമായിരിക്കുന്നു. പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥരും വിവിധ കമ്മിറ്റികളും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർക്കുന്ന ഫണ്ടിനങ്ങളിലെ 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവ പ്രകാരം ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എ.സി.ആർ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| Development Fund (General) | എ.സി.ആർ | 9043861 | 1684711 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 12439289 | -1710717 |
| Development Fund (SCP) | എ.സി.ആർ | 2670927 | 2099897 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 2862103 | 1908721 |
| Development Fund (CFC) | എ.സി.ആർ | 7217076 | 3580586 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 6601742 | 4195920 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 35-ന് മറുപടിയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ബജറ്റ് അലോക്കേഷൻ, ക്യാരിഓവർ വിഹിതം എന്നിവ കൂടി ചേർന്നുവരുന്നതാണെന്നും ACR-ൽ വരുന്നതികയാണ് ടി വർഷത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന അലോട്ട്മെന്റ് തുകയെന്നും, ACR റിപ്പോർട്ട് എടുക്കുമ്പോൾ ലഭിക്കുന്ന നീക്കിയിരിപ്പാണ് യഥാർത്ഥ നീക്കിയിരിപ്പെന്നും അറിയിച്ചിരിക്കുന്നു.

## 1-4-2 വകയിരുത്തിയ തുക ഭാഗികമായി മാത്രം ചെലവഴിക്കുന്നു

വിവിധ മേഖലകൾക്കായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക ഭാഗികമായി മാത്രം ചെലവഴിക്കുന്നു.

**1.** നിർബന്ധിത പദ്ധതിയായ ആശ്രയ പദ്ധതിയ്ക്കായി 400000/-രൂപയാണ് വകയിരുത്തിയത്. എന്നാൽ 40000/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി 500000/-രൂപ വകയിരുത്തിയതിൽ 323320/-

രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആശ്രയ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിനാണ് ആനുകൂല്യം നൽകിയതെന്നും ആയത് അഡ്വാൻസ് ആണെന്നും ബാക്കിതുക 2020-21-ൽ നൽകിയിട്ടുണ്ടെന്നും അലോട്ടമെന്റ് തീർന്നതിനാലാണ് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാത്തതെന്നും അറിയിച്ചിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി 35മുള്ള മറുപടി).

**2.** വികസനഫണ്ട്(ജനറൽ)-ലിൽ നിന്നും ഉല്പാദന മേഖലയ്ക്കായി 3752032/-രൂപ വകയിരുത്തിയെങ്കിലും 1106465/-രൂപ(29.9%) മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പശ്ചാത്തലമേഖലയ്ക്കായി വികസനഫണ്ട്(ജനറൽ)-ൽ നിന്നും 1207656/-രൂപ വകയിരുത്തിയെങ്കിലും 361709/-രൂപ (29.9%)മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. നിർവ്വഹണ ഉദ്യോഗസ്ഥർ സമയബന്ധിതമായി നിർവ്വഹണം നടത്താത്തതും വർഷാവസാനം ആലോട്ടമെന്റ് തീർന്നതിന് ശേഷം മാത്രം ബില്ലുകൾ കെടുക്കുന്നതുമാണ് ചെലവ് കുറഞ്ഞതിന് കാരണമെന്ന് അറിയിച്ചിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി 35മുള്ള മറുപടി)

3.സേവനമേഖലയ്ക്കായി വികസനഫണ്ട്(എസ്.സി.പി)-യിൽ നിന്നും 5482376/-രൂപ വകയിരുത്തിയെങ്കിലും 2862103/-രൂപ (52%)മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.പദ്ധതികൾക്ക് മതിയായ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലാണ് ചെലവ് കുറയുന്നതിന് കാരണമായിട്ടുള്ളതെന്ന് അറിയിച്ചിരിക്കുന്നു.(ഓഡിറ്റ് എൻക്വയറി 35മുള്ള മറുപടി)

4.വനിതാ ഘടക പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്നും 1939702/- രൂപ വകയിരുത്തിയെങ്കിലും 583200/-(30%)മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. നടപ്പിലാക്കാൻ താരതമ്യേന ബുദ്ധിമുട്ടുള്ള പദ്ധതികൾ ഉൾപ്പെടുത്തിയതിനാലാണ് ചെലവ് കുറഞ്ഞതിന് കാരണമെന്ന് അറിയിച്ചിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി 35നുള്ള മറുപടി).

## 1-4-3 വകയിരുത്തിയ തുക ചെലവഴിച്ചില്ല

വികസനഫണ്ട്(എസ്.സി.പി)-യിൽ നിന്നും ഉല്പാദന മേഖലയിലെ വിവിധ പദ്ധതികൾക്കായി 206000/-രൂപ വകയിരുത്തിയെങ്കിലും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ സമയബന്ധിതമായി നിർവ്വഹണം നടത്താത്തതും വർഷാവസാനം അലോട്ടമെന്റ് തീർന്നതിന് ശേഷം മാത്രം ബില്ലുകൾ കെടുക്കുന്നതുമാണ് ചെലവ് കുറഞ്ഞതിന് കാരണമെന്ന് അറിയിച്ചിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി 35-ന് മറുപടി) കൂടാതെ ജനറൽ വിഭാഗത്തിൽ വൃദ്ധർക്കായി പാഥേയം, വൃദ്ധർക്ക് കട്ടിൽ എന്നീ പദ്ധതികൾക്കായി വികസനഫണ്ട് (ജനറൽ)-ൽ നിന്നും 706410/- രൂപ വകയിരുത്തിയെങ്കിലും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 35-ന് മറുപടിയിൽ പ്ലാൻ ഫണ്ട് ഇല്ലാത്തതിനാലാണ് ചെലവഴിക്കാൻ സാധിക്കാത്തതെന്ന് അറിയിച്ചിരക്കുന്നു.

## 1-5 പദ്ധതി അവലോകനം

**പദ്ധതി രൂപീകരണത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ അനിവാര്യം**

ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ മുതലായവക്ക് മുൻഗണന നൽകി പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സമഗ്ര വികസനം ലക്ഷ്യമാക്കി പദ്ധതി മാർഗരേഖയിൽ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഉൾപ്പെടുത്തിയ പദ്ധതി രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

**എ)ആസൂത്രണ സമിതി**

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്.

2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി 29.09.2018ന് യോഗം ചേർന്നു. നാല് പേർ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ 01.10.2018ൽ വർക്കിംഗ് ഗ്രൂപ്പ് സംയുക്തയോഗം ചേരുന്നതിനും 05.10.2018ന് വർക്കിംഗ് ഗ്രൂപ്പ് കൂടി ചേർന്ന് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുന്നതിനും തീരുമാനിച്ചു. ഇതല്ലാതെ മറ്റൊരു യോഗം നടന്നിട്ടില്ല. ആസൂത്രണ സമിതിയോഗത്തിലും വർക്കിംഗ് ഗ്രൂപ്പുകളുടെ ഒന്നാമത്തെ യോഗത്തിലും വികസന സെമിനാറിലും ആസൂത്രണ സമിതി അംഗങ്ങൾ പങ്കെടുത്തതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 11/08.10.2021ന്റെ മറുപടി).

**ബി) വികസന സെമിനാർ**

12.11.2018ൽ നടന്ന വികസന സെമിനാറിന്റെ വിവരമായി 264 പേരുടെ ഹാജർ മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വികസന സെമിനാറിലെ നടപടിക്രമങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**സി)വർക്കിംഗ് ഗ്രൂപ്പ്**

2019-20 വർഷ പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പ്രോജക്ടുകളുടെ പേര് പരാമർശിക്കുന്നതൊഴികെ ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ഉയർന്നുവന്നതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

**വിദ്യാഭ്യാസം -**

10.10.2018- സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി അംഗീകരിക്കൽ അജണ്ടയായി രേഖപ്പെടുത്തി 10പേർ പേരെഴുതി ഒപ്പിട്ടതല്ലാതെ മറ്റ് രേഖപ്പെടുത്തലൊന്നുമില്ല.

**മൃഗസംരക്ഷണവും ക്ഷീരവികസനവും -**

01.10.2018 – രണ്ട് പേർ പങ്കെടുത്ത യോഗം- നിർദ്ദേശമായി ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക.

12.11.2018 – നിർദ്ദേശമായി കറവയന്ത്രം നൽകുന്നതിനുള്ള നടപടി, പുൽകൃഷിക്ക് സബ്സിഡി.

വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരായ നിർവ്വഹണ ഉദ്യോഗസ്ഥർ ക്രിയാത്മകമായി പ്രവർത്തിക്കാഞ്ഞതാണ് പ്രശ്നത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

**ഡി)സ്റ്റാറ്റസ് റിപ്പോർട്ട്**

2019-20വർഷത്തേക്ക് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി അംഗീകരിച്ചിട്ടില്ല. അവരവരുടെ കൈവശമുള്ള രേഖകൾ പരിശോധിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണെന്നും അതിൽ അപാകതയുണ്ടായിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി എന്നിവയുടെ സംയുക്തമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

**മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം**

2019-20വർഷം അംഗീകാരം വാങ്ങിയ 87 മരാമത്ത് പ്രവൃത്തികളിൽ 39എണ്ണം മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കാത്ത 48 പ്രവൃത്തികളിൽ 7 സ്പിൽഓവർ പ്രവൃത്തികളുണ്ട്.

നടപ്പാക്കാത്ത പ്രവൃത്തികളിൽ ചുവടെ ചേർക്കുന്നവ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ |
|---|---|---|
| 1 | മാമൂട് അംഗനവാടി മെയിന്റനൻസ് | 88/20 |
| 2 | മേലാറ്റുമൂഴി സ്കൂൾ ചുറ്റുമതിലിന് മുകളിൽ ഫെൻസിംഗ് നിർമ്മാണം | 91/20 |
| 3 | മേലാറ്റുമൂഴി സ്കൂൾ ഓഡിറ്റോറിയം വൈദ്യുതീകരണം | 92/20 |
| 4 | വാമനപുരം കൃഷി ഓഫീസ് മെയിന്റനൻസ് | 93/20 |
| 5 | വാഴ് വേലിക്കോണം അംഗൻവാടി മെയിന്റനൻസ് | 95/20 |
| 6 | ആനച്ചൽ എൽ.പി.സ്കൂളിൽ ബാലസൌഹൃദ ടോയിലറ്റ് നിർമ്മാണം | 105/20 |
| 7 | വാമനപുരം പബ്ലിക് മാർക്കറ്റിൽ ആധുനിക ഫിഷ് സ്റ്റാൾ നിർമ്മാണം | 107/20 |
| 8 | വാമനപുരം പബ്ലിക് മാർക്കറ്റ് നവീകരണം | 108/20 |
| 9 | സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (SO) | 143/20 |
| 10 | വട്ടപ്പാറ അംഗൻവാടി ഇലക്ട്രിഫിക്കേഷൻ & പ്ലമ്പിംഗ് (SO) | 145/20 |
| 11 | ആനാകുടി - മൂന്നുതോട് റോഡ് റോഡ് കോൺക്രീറ്റിംഗ് (SO) | 149/20 |
| 12 | പുള്ളിപ്പച്ച-കാര്യർക്കോണം ചിറ റോഡ് രണ്ടാം മെറ്റലിംഗും ടാറിംഗും(SO) | 150/20 |
| 13 | വട്ടപ്പാറ തണ്ണപ്പാറ റോഡ് റീടാറിംഗ് രണ്ടാം ഘട്ടം(SO) | 168/20 |
| 14 | വട്ടവിള മണ്ണവിളാകം റോഡ് ടാറിംഗ്(SO) | 172/20 |
| 15 | ബഡ്സ് സ്കൂളിന് അടുക്കള നിർമ്മാണം | 205/20 |

| | | |
|---|---|---|
| 16 | എം.സി.എഫ് കെട്ടിട പൂർത്തീകരണം | 206/20 |
| 17 | വിവിധ അംഗൻവാടികളുടെ വൈദ്യുതീകരണം | 210/20 |
| 18 | ആനച്ചൽ യു.പി.എസ്. പൂർത്തീകരണം | 212/20 |

തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായി ആകെ 3,91,87,492/- രൂപ അടങ്കൽ വച്ചിരുന്നതിൽ 1,53,38,356/-രൂപ മാത്രമാണ് ചെലവഴിച്ചത് (ചെലവ് ശതമാനം 39). 2019-20 വർഷം അംഗീകാരം ലഭിച്ച 25ൽ അധികം പ്രവൃത്തികൾ സ്പിൽ ഓവറായി നടപ്പാക്കിയെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 01/07.10.2021ന്റെ മറുപടി).

മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തുന്ന ഫണ്ടിന്റെ പൂർണമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

**വിവിധ മേഖലകൾക്കായി വകയിരുത്തിയ ഫണ്ടിന്റെ വിനിയോഗം**

| മേഖല | ഫണ്ട് | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| ഉല്പാദനം | വികസനഫണ്ട് ജനറൽ | 3752032 | 1106465 | 29 |
| | വികസനഫണ്ട് എസ്.സി.പി | 206000 | 0 | 0 |
| പശ്ചാത്തലം | വികസനഫണ്ട് ജനറൽ | 1207656 | 361709 | 29.9 |
| സേവനം | വികസനഫണ്ട് എസ്.സി.പി | 5482376 | 2862103 | 52 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5062 | 1523572 | 1528634 | 1525536 | 3098 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 26025536 | 26025536 | 26025536 | 0 |
| **ആകെ** | **5062** | **27549108** | **27554170** | **27551072** | **3098** |

## 1-6-1 MNREGS ചെലവും നീക്കിയിരിപ്പും എ.എഫ്.എസും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

MNREGS ഇനത്തിൽ Administrative Expenses ഇനത്തിലുള്ള ചെലവ് , നീക്കിയിരിപ്പ് എന്നിവ അക്കൗണ്ടും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**രജിസ്റ്റർ പ്രകാരം**

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 5062.31 | 1523572 | 1528634.31 | 1522436 | 6198.31 |

**എ.എഫ്.എസ് പ്രകാരം**

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 5062 | 1523572 | 1528634 | 1525536 | 3098 |

എന്നാൽ NREGS അക്കൗണ്ടിന്റെ മാർച്ച് 31-ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 6198/- രൂപയാണ്. NREGS രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും 6198/- രൂപയാണ്.എന്നാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 3098/- രൂപയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34 ന് മറുപടിയിൽ Unchashed Cheque ആയി 2100/-രൂപ അവശേഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

## 1-6-2 തൊഴിലുറപ്പ് പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല

MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 45ന് മറുപടി ലഭിച്ചില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 425760 | 382 |
| കർഷകതൊഴിലാളി പെൻഷൻ | 2629200 | 404 |
| വിധവാപെൻഷൻ | 7744200 | 1293 |
| വാർദ്ധക്യകാല പെൻഷൻ | 12113100 | 2015 |
| വികലാംഗ പെൻഷൻ | 1618900 | 279 |
| വിവാഹ ധനസഹായം | 300000 | 10 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 382200 | 69 |

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7-1 തൊഴിൽ രഹിത വേതനം -പ്രായ പരിധി കഴിഞ്ഞ ഗുണഭോക്താവിന് തുക അനുവദിച്ചു

തൊഴിൽ രഹിത വേതന വിതരണവുമായി ബന്ധപ്പെട്ട അക്വിറ്റൻസ് രജിസ്റ്റർ, വിതരണ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താവിന് അധിക തുക നൽകിയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | റോൾ നമ്പർ | ജനന തീയതി | അനുവദിക്കാവുന്ന കാലയളവ് | അനുവദിച്ച കാലയളവ് | അധികമായി അനുവദിച്ചത് |
|---|---|---|---|---|---|
| രഞ്ജി ആർ. | 1349 | 30-5-1982 | 5/17 | 4/18 മുതൽ 11/18 | 8x120=960 |

ടിയാന് 35 വയസ് പൂർത്തീകരിക്കുന്ന 05/2017 വരെയാണ് തൊഴിൽ രഹിത വേതനം അനുവദിക്കാവുന്നത്. എന്നാൽ ഓഡിറ്റ് വർഷം 04/2018 മുതൽ 11/2018 വരെയുള്ള കാലയളവിലേക്കും അനുവദിച്ചിരിക്കുന്നു. വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/16.10.2021) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7-2 ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ നൽകി- 12800 രൂപ സർക്കാരിന് നഷ്ടം

പഞ്ചായത്തിൽ നിന്നും വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ആധാർ കാർഡ് ഉപയോഗിച്ച് സേവന സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടു പോയിട്ടും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു .

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തിയ്യതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | 2019-20 വർഷം അധികം വിതരണം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| രാജു ബി | 102500400323 | വികലാംഗ പെൻഷൻ | 20-12-19 | സസ്പെന്റ് | 1/20 മുതൽ 3/20 വരെ | 1600x3= 4800 | 4/20 ലും വിതരണം ചെയ്തിട്ടുണ്ട് |
| ബേബി എസ് | 102500201067 | വാർദ്ധക്യ കാല പെൻഷൻ | 29-1-20 | സസ്പെന്റ് | 2/20 മുതൽ 3/20 വരെ | 1600x2= 3200 | 4/20 മുതൽ 4/21 വരെ 20800 രൂപ വിതരണം നടത്തിയിട്ടുണ്ട് |
| സി സദാനന്ദൻ | 102500200733 | വാർദ്ധക്യ കാല പെൻഷൻ | 21-1-20 | ആക്ടീവ് | 2/20 മുതൽ 3/20 വരെ | 1600x2= 3200 | 4/20 മുതൽ 9/21 വരെ 28800രൂപ വിതരണം നടത്തിയിട്ടുണ്ട് |
| ഷഹീദ് | 102500200621 | വാർദ്ധക്യ കാല പെൻഷൻ | 8-2-20 | സസ്പെന്റ് | Nil | - | 4/20 മുതൽ 4/21 വരെ 19200 രൂപ നൽകിയിട്ടുണ്ട് |
| ശശിധരൻ ബി | 102500202569 | വാർദ്ധക്യ കാല പെൻഷൻ | 11.3.20 | സസ്പെന്റ് | Nil | - | 4/20 ലെ പെൻഷൻ അനുവദിച്ചിട്ടുണ്ട് |
| കൊച്ചു കുട്ടൻ | 102500201555 | വാർദ്ധക്യ കാല പെൻഷൻ | 12.2.20 | സസ്പെന്റ് | Nil | - | 4/20 ലെ പെൻഷൻ അനുവദിച്ചിട്ടുണ്ട് |
| രാധ | 1025002003895 | വാർദ്ധക്യ കാല പെൻഷൻ | 8-2-20 | സസ്പെന്റ് | 1600 | 1600x1= 1600 | 4/20 ലെ പെൻഷൻ അനുവദിച്ചിട്ടുണ്ട് |
| **ആകെ** | | | | | | **12800** | |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല. ഓഡിറ്റിന് ലഭ്യമാക്കിയ പല മരണ റിപ്പോർട്ടുകളിലും ആധാർ കാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2020-21 വർഷവും മേൽ അപാകത സംഭവിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 38) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ 5-11-20 ലെ സർക്കുലർ നമ്പർ 27 പ്രകാരം മരണപ്പെട്ടവരെയും മാനദണ്ഡ പ്രകാരം അർഹരല്ലാത്തവരെയും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 12800/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ തുക സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.10.2021, 10.30 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1987/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**എ)**

**1)**ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല. ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള റിവ്യൂ മീറ്റിംഗ് നടത്തിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 19/11.10.2021)

**2)** 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2020ലെ പൌരാവകാശ രേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

**3)**ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

**എ)** തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

**ബി)** സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

**സി)** ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8-ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

**ഡി)** അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

**ഇ)** സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

**എഫ്)** സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

**ജി)** ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

**4)**ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. നടപടി സ്വീകരിച്ചു വരുന്നതായി വിശദീകരിച്ചിട്ടുണ്ട്.

**5)**ഇ-മെയിൽ രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല.

06.09.2021 മുതൽ ഐ.എൽ.ജി.എം.എസ് നടപ്പാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്.

**എ)** ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ സൂക്ഷ്മത ആവശ്യമാണ്.

**ബി)**വിവിധ മേഖലകളിൽ വിവിധ ഫണ്ടുകൾ വകയിരുത്തിയത് പൂർണമായി വിനിയോഗിച്ചിട്ടില്ല.

**സി)**ഗുണഭോക്താക്കളുടെ മരണശേഷവും വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ഡി)**അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

**ഇ)**ഓഡിറ്റിനായി രേഖകൾ ഹാജരാക്കുന്നതിൽ കൃഷി ഓഫീസർ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്.

**എഫ്)** വാമനപുരം മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റും ചാരുപാറ കുടിവെള്ള പദ്ധതിയും പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര ശ്രദ്ധ ആവശ്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.2020 മുതൽ 18.12.2020 വരെ | 11/2020 | 30.12.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.11.2014 മുതൽ 12.12.2014 വരെ | 2009-10 മുതൽ 2013-14 വരെ | 14.07.2015 |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)രസീത് ബുക്കിലെ രേഖപ്പെടുത്തലുകൾ കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. കാർബൺ ഉപയോഗിക്കുന്നതിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് പുസ്തക നമ്പർ | രസീത് നമ്പർ | രസീത് പ്രകാരം | കളക്ഷൻ രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 01 | 2589 | 91 | ചെല്ലപ്പൻ 50/- രൂപ | തുക ഇല്ല |
| 02 | 2592 | 88 | 50/- രൂപ | തുക ഇല്ല |
| 03 | 2592 | 99 | തങ്കമണി, 50/- രൂപ | തുക ഇല്ല |
| 04 | 2592 | 100 | സരളകുമാരി, 50/- രൂപ | തുക ഇല്ല |
| 05 | 2587 | 32, 33 | | പേരുകൾ തെറ്റായി ചേർത്തു |
| 06 | 2587 | 45 | ശ്രീലേഖ, 50/- രൂപ | തുക ഇല്ല |
| 07 | 2587 | 30 | പ്രീതി സി.എസ്. 50/- രൂപ | തുക ഇല്ല |
| 08 | 2587 | 64 | വിമല, 50/- രൂപ | തുക ഇല്ല |
| 09 | 2590 | 1 | പ്രസന്ന കുമാരി, 50/- രൂപ | തുക ഇല്ല |
| 10 | 2590 | 74 | 50/- രൂപ | തുക അക്ഷരത്തിൽ എഴുതിയില്ല |
| 11 | 2590 | 86 | 50/- രൂപ | 80/-രൂപ |
| 12 | 2590 | 87 | 50/- രൂപ | 80/-രൂപ |
| 13 | 2592 | 3 മുതൽ25 വരെ | 50/- രൂപ വീതം | തുക ഇല്ല |
| 14 | 2593 | 2 മുതൽ63 | തീയതി എഴുതിയിട്ടില്ല | തുക ഇല്ല |

| | | | | |
|---|---|---|---|---|
| | | വരെ | | |
| 15 | 51979 | 20 | കാർബൺ ഉപയോഗിക്കാതെ തിരുത്തലുകൾ വരുത്തി | |
| 16 | 51979 | 38 | രസീത് റദ്ദ് ചെയ്തില്ല | റദ്ദ് ചെയ്തിട്ടുണ്ട് |
| 17 | 51979 | 39 | രസീത് റദ്ദ് ചെയ്തില്ല | റദ്ദ് ചെയ്തിട്ടുണ്ട് |
| 18 | 51979 | 49 | കാർബൺ ഉപയോഗിക്കാതെ തിരുത്തലുകൾ വരുത്തി | |

ക്രമ നമ്പർ 01ലെ തുകയായ 41 രൂപ, ഓഡിറ്റ് എൻക്വറി 9നമ്പർ 18/11.10.2021)നല്കിയതിനെ തുടർന്ന് 1210100253/12.10.2021 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് .

2) രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തുന്നില്ല.

ഉദാഹരണം : 2591, 2592, 51979

പ്രസ്തുത അപാകതകൾ പരിഹരിച്ചതായും തുടർന്ന് ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതും 2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

## 1-12 അനധികൃത കെട്ടിടങ്ങളുടെ നികുതിയിനത്തിൽ തുക ലഭിക്കാനുണ്ട്

സഞ്ചയ പ്രകാരം 2019-20 വർഷത്തിൽ അനധികൃത കെട്ടിടങ്ങളുടെ നികുതിയിനത്തിൽ ചുവടെ ചേർക്കും പ്രകാരം നികുതി തുക ലഭിക്കാനുണ്ട്.

| Ward Name | BT | | | LC | | | Total | | | Exemption | | | Demand To Be Paid | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Reside-Ntial | Non Reside-Ntial | Total | Reside-Ntial | Non Reside-Ntial | Total | Reside-Ntial | Non Reside-Ntial | Total | Reside-Ntial | Non Reside-Ntial | Total | Reside-Ntial | Non Reside-Ntial | Total |
| ANACHAL | 2685 | 0 | 2685 | 135 | 0 | 135 | 2820 | 0 | 2820 | 0 | 0 | 0 | 2820 | 0 | 2820 |
| VAZHVELIKONAM | 606 | 0 | 606 | 31 | 0 | 31 | 637 | 0 | 637 | 0 | 0 | 0 | 637 | 0 | 637 |
| VAMANAPURAM | 1074 | 24693 | 25767 | 54 | 1254 | 1308 | 1128 | 25947 | 27075 | 0 | 0 | 0 | 1128 | 25947 | 27075 |
| KARUVAYAL | 2031 | 0 | 2031 | 102 | 0 | 102 | 2133 | 0 | 2133 | 0 | 0 | 0 | 2133 | 0 | 2133 |
| ANAKUDY | 2277 | 0 | 2277 | 114 | 0 | 114 | 2391 | 0 | 2391 | 0 | 0 | 0 | 2391 | 0 | 2391 |
| KUTTIMOODU | 1641 | 0 | 1641 | 83 | 0 | 83 | 1724 | 0 | 1724 | 1005 | 0 | 1005 | 719 | 0 | 719 |
| ERULOOR | 198 | 0 | 198 | 10 | 0 | 10 | 208 | 0 | 208 | 0 | 0 | 0 | 208 | 0 | 208 |
| POOVATHOOR | 321 | 0 | 321 | 17 | 0 | 17 | 338 | 0 | 338 | 0 | 0 | 0 | 338 | 0 | 338 |
| EETIMOODU | 924 | 0 | 924 | 47 | 0 | 47 | 971 | 0 | 971 | 0 | 0 | 0 | 971 | 0 | 971 |
| KALAMACHAL | 1890 | 0 | 1890 | 95 | 0 | 95 | 1985 | 0 | 1985 | 0 | 0 | 0 | 1985 | 0 | 1985 |
| Total | 13647 | 24693 | 38340 | 688 | 1254 | 1942 | 14335 | 25947 | 40282 | 1005 | 0 | 1005 | 13330 | 25947 | 39277 |

പ്രസ്തുത വിഷയത്തിന് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/18.10.2021) മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ഒഴിവാക്കലിന്റെ പരിധിയിൽ വരാത്ത കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

ചുവടെ വിവരിക്കുന്ന 60 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണമുള്ള, ഒഴിവാക്കലിന്റെ പരിധിയിൽ വരാത്ത കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| പേര് | വിസ്തീർണം (ച.മീ ) | വാർഡ് |
|---|---|---|
| സനിത.കെ.വി പൂപ്പറത്ത് വീട്, ആനാകുടി, ആനാകുടി പി ഒ. | 60.26 ച.മീറ്റർ | ആനാകുടി |

പ്രസ്തുത വിഷയത്തിന് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/16.10.2021) മറുപടി ലഭ്യമാക്കിയില്ല. വിശദമായി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 ആസ്തി സംരക്ഷണ നടപടികൾ യഥാവിധിയല്ല

**ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല(എൻക്വയറി നമ്പർ 10/08.10.2021).

**ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ് ) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ കാലികമാക്കി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിച്ചിരുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 09/08.10.2021ന്റെ മറുപടി).

എന്നാൽ, ലഭ്യമാക്കിയ ഡിജിറ്റൽ ഫോർമാറ്റിലെ ആസ്തി രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തൽ ഇല്ല. കെട്ടിടങ്ങളുടെ വിവരം ഉൾപ്പെടുത്തിയിട്ടുള്ള (ഫോം നമ്പർ 2) രജിസ്റ്ററിൽ 1995ലെ നിർമ്മാണ ചെലവ് രേഖപ്പെടുത്തിട്ടുള്ള നാമ മാത്രമായ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. കാലികമാക്കാത്ത പ്രസ്തുത രജിസ്റ്ററിലെ 28 കോളങ്ങളിൽ ഭൂരിഭാഗവും ഒഴിച്ചിട്ടിരിക്കുന്നു. ജലസേചന പദ്ധതികളുടെ(11എണ്ണം) വിവരം ഉൾക്കൊള്ളുന്ന രജിസ്റ്ററിന്റെ സോഫ്റ്റ് കോപ്പി ലഭ്യമാക്കി. എന്നാൽ, കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. റോഡുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടുള്ള (ഫോം നമ്പർ 3) രജിസ്റ്ററിൽ മൂല്യം, ഡിപ്രിസിയേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2019-20 വർഷം മരാമത്ത് പ്രവൃത്തികൾ മുഖേന ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് (ഉദാഹരണം ചുവടെ ചേർക്കുന്നു). ഇത് കൂടാതെ തൊഴിലുറപ്പ് പദ്ധതി പ്രകാരവും പൊതു ആസ്തികളുടെ നിർമ്മാണം നടന്നിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|
| 1 | ഉപ്പട്ടിക്കടവ് റോഡ് കോൺക്രീറ്റിംഗ് | 298467 |
| 2 | കോട്ടുകുന്നം കാരണവർ കുന്ന് റോഡ് ടാറിംഗ് | 599690 |
| 3 | കാഞ്ഞിരംപാറ – നെടുങ്കുഴി - താളിക്കുഴി റോഡ് ടാറിംഗും കോൺക്രീറ്റിംഗും | 851740 |
| 4 | കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് | 11000 |

എന്നാൽ രണ്ട് വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികയിൽ ആസ്തിയുടെ മൂല്യം മാറ്റമില്ലാതെ തുടരുന്നു. 2018-19, 2019-20 വർഷങ്ങളിലെ ബാലൻസ് ഷീറ്റിൽ (B 11) ചുവടെ ചേർക്കും പ്രകാരം ഒരേ തുകയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. ഇതിൽ നിന്നും ആസ്തികളുടെ കാലികമാക്കൽ പ്രക്രിയ നടക്കുന്നില്ലായെന്ന് വ്യക്തമാകുന്നു.

| ഇനം | തുക |
|---|---|
| Roads Cement Concrete | 1056583 |
| Roads Tarred | 10082511 |
| Roads Metal | 5408853 |
| Roads Earthern | 497969 |
| Roads Culverts | 2246914 |
| Other Constructions | 3422603 |

പദ്ധതി നിർവ്വഹണം നടത്തുന്നതിൽ വന്ന തിരക്കും കോവിഡ്-19 പശ്ചാത്തലവുമായി ബന്ധപ്പെട്ടും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും ഇനിമുതൽ വേണ്ട കൂട്ടിച്ചേർക്കലുകൾ നടത്തി കാലികമാക്കുന്നതാണെന്നുമാണ് രണ്ടാമത്തെ വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ 31/16.10.2021ന്റെ മറുപടി).

മാർഗരേഖകളും സർക്കാർ ഉത്തരവുകളും പാലിച്ചുകൊണ്ട് ആസ്തി സംരക്ഷണത്തിന വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 മൃഗസംരക്ഷണം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ വെറ്റിനറി സർജൻ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പ്രോജക്റ്റ് നമ്പർ | പദ്ധതി | അടങ്കൽ (ഫണ്ട്) | ചെലവ് | വിനിയോഗ സാക്ഷ്യപത്രം നൽകേണ്ട സ്ഥാപനം | ബിൽ വിവരം |
|---|---|---|---|---|---|
| 24/19-20 | എ.ബി.സി പ്രോഗ്രാം | 210000/- (വികസന ഫണ്ട്) | 210000/- | കുടുംബശ്രീ | 1/19-20 14.08.2019 |
| 25/19-20 | കന്നുകുട്ടി പരിപാലനം | 375000/- (വികസന ഫണ്ട്) | 375000/- | ഡെപ്യൂട്ടി ഡയറക്ടർ എസ്.എൽ.ബി .പി | 2/19-20 25.10.2019 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3, 4 എന്നിവയ്ക്കുള്ള മറുപടിയിൽ രണ്ട് പ്രോജക്ടുകളുടെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്.

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയക്കേണ്ടതാണ്.

## 1-16 എസ്.എസ്.കെ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ :01/19-20

വികസന ഫണ്ട് (ജനറൽ)

അടങ്കൽ :200000/-

ചെലവ് :200000/-

ബിൽ നമ്പർ 1/ 02.08.2019

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ എസ്.എസ്.കെ (സമഗ്ര ശിക്ഷാ കേരളം) വിഹിതമായി സമഗ്ര ശിക്ഷാ കേരളം, ബ്ലോക്ക് റിസോഴ്സ് സെന്റർ പാലോട്, പച്ച എന്ന സ്ഥാപനത്തിനു അടവാക്കിയ 200000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ലായെന്നും ആയതു ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിരിക്കുന്നു. വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 എസ്.എൽ.ഐ പ്രീമിയം തുക അടവാക്കിയതിൽ കുറവ്

ജി.ഒ (പി) 149/2016/ധന/04.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിൽ എസ്.എൽ.ഐ പ്രീമിയം തുക പുതുക്കിയ നിരക്കിൽ ഈടാക്കണമെന്നുള്ള നിർദേശമുണ്ട്. ചുവടെ ചേർക്കുന്ന ജീവനക്കാരുടെ എസ്.എൽ.ഐ പോളിസി പ്രീമിയം തുക കുറവായാണ് അടവാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര്/ തസ്തിക | അടിസ്ഥാന ശമ്പളം | അടവാക്കിയ പ്രീമിയം തുക | അടവാക്കേണ്ട പ്രീമിയം തുക |
|---|---|---|---|---|
| 1 | ശ്രീ.സന്തോഷ് കുമാർ സെക്രട്ടറി | 50400/- | 250/- | 500/- |
| 2 | ശ്രീ.രതീഷ് കുമാർ.റ്റി.കെ അസി.സെക്രട്ടറി | 40500/- | 150/- | 500/- |
| 3 | ശ്രീമതി.നജീമ.എൻ ഹെഡ് ക്ലാർക്ക് | 35700/- | 150/- | 500/- |
| 4 | ശ്രീമതി.സന്ധ്യ.പി.നായർ (സീനിയർ ക്ലാർക്ക്) | 36600/- | 400/- | 500/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 13 നുള്ള മറുപടി ശ്രീമതി.സന്ധ്യ.പി.നായർ (സീനിയർ ക്ലാർക്ക്) ഒഴികെയുള്ളവർ കാര്യാലയത്തിൽ സേവനത്തിലില്ലായെന്നും അവരുടെ പ്രീമിയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അവർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ അറിയിക്കാമെന്നും ശ്രീമതി.സന്ധ്യ.പി.നായർ, സീനിയർ ക്ലാർക്കിന്റെ പ്രീമിയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 അംഗൻവാടികളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 23 അംഗൻവാടികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2., 3.4.3. എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു. (അവലംബം- എൻക്വയറി നം 21 ന്റെ മറുപടി).

| ക്രമ നമ്പർ | | എണ്ണം | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 2 | പരപ്പാറമുകൾ അംഗൻവാടി (ക്രമ നം 6)<br>ഗ്രാമീൺ നഗർ അംഗൻവാടി (ക്രമ നം 22) |

| | | | |
|---|---|---|---|
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 | പരപ്പാറമുകൾ അംഗൻവാടി (ക്രമ നം 6)<br>ഗ്രാമീൺ നഗർ അംഗൻവാടി (ക്രമ നം 22) |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 2 | പരപ്പാറമുകൾ അംഗൻവാടി (ക്രമ നം 6)<br>ഗ്രാമീൺ നഗർ അംഗൻവാടി (ക്രമ നം 22) |
| 4 | ചുറ്റമതിൽ ഇല്ലാത്തവ | 5 | ആനച്ചൽ,പൂച്ചറം,കുഴിക്കര,<br>ഇരുളൂർ,ആനാകുഴി എന്നീ അംഗൻവാടികൾ |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 0 | -- |
| 7 | കളിസ്ഥലം ഇല്ലാത്തവ | 1 | കുഴിങ്ങര അംഗൻവാടി (ക്രമ നം 14) |
| 8 | ശുചിയായ ചുറ്റപാട് ഇല്ലാത്തവ | 0 | -- |
| 9 | മൂന്ന മുറിയെങ്കിലും ഇല്ലാത്തവ | 5 | മാമൂട്, പള്ളിമുക്ക്, വാര്യംകോണം, ഇരുളൂർ, പൂച്ചറം എന്നീ അംഗൻവാടികൾ |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 21 | അംഗൻവാടികളുടെ പേരുകൾ ലഭ്യമാക്കിയിട്ടില്ല. |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 22 | അംഗൻവാടികളുടെ പേരുകൾ ലഭ്യമാക്കിയിട്ടില്ല. |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 7 | കളമച്ചൽ, വാര്യംകോണം, വാമനപുരം, കാക്കകുന്ന്, കുഴിക്കര, വട്ടപ്പാറ, കുറ്റിമൂട്. |
| 13 | വൈദ്യുതി ഇല്ലാത്തവ | 0 | -- |
| 14 | Baby Weighing Machine/ Salter Scale/ Platform Weighing Scale | 0 | -- |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോട്ടുകൂടിയ നെയിം ബോർഡില്ലാത്തവ | 23 | എല്ലാ അംഗൻവാടികളും |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 23 | എല്ലാ അംഗൻവാടികളും |
| 17 | പ്രഥമശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | 0 | -- |
| 18 | ക്ളോക്ക്, ബെൽ, ഫോൺ, ഫാൻ,അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | 0 | -- |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | 0 | -- |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 0 | -- |
| 21 | ആവശ്യത്തിന കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 0 | -- |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 22 | അംഗൻവാടികളുടെ പേരുകൾ ലഭ്യമാക്കിയിട്ടില്ല. |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | 0 | -- |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 1 | കുഴിക്കര അംഗൻവാടി |

| | | | |
|---|---|---|---|
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 | -- |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 23 | എല്ലാ അംഗൻവാടികളും |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 23 | എല്ലാ അംഗൻവാടികളും |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കുവാൻ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക പരിഗണനയും ശ്രദ്ധയും ക്ഷണിക്കുന്നു.

**എ) ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതാണ്.**

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്.

**ബി) അംഗൻവാടിയുടെ അധിക വാടക ജീവനക്കാരിൽ നിന്നും ഈടാക്കുന്നു.**

ഗ്രാമീണ നഗർ അങ്കണവാടി (നം 22) യുടെ വാടക പ്രതിമാസം 2000/- രൂപയാണ്. 1000/-രൂപ വകുപ്പിൽ നിന്നും ബാക്കി 1000/-രൂപ അംഗൻവാടി വർക്കർമാരുടെ കൈയ്യിൽ നിന്നുമാണ് നൽകി വരുന്നതെന്നും അറിയിച്ചിരിക്കുന്നു. സ്ഥാപനത്തിന്റെ വാടക ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. അധിക വാടക നൽകുന്നതിനു വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തേണ്ടതാണ്.

**സി) അംഗൻവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതാണ്.**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1)--ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരമുള്ള അനിവാര്യ ചുമതലകളിൽ റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുകയെന്നത് ഉൾപ്പെടുന്നു. എന്നാൽ, ചുവടെ ചേർക്കുന്ന അംഗൻവാടികളുടെ അവസ്ഥ പരിതാപകരമാണ്.

**1.ആനാകുടി അംഗൻവാടി (നം 11)**

അംഗൻവാടി പ്രവർത്തകരെ നേരിൽ കേട്ടപ്പോൾ ആനാകുടി അംഗൻവാടിയുടെ ചുറ്റുമതിൽ കഴിഞ്ഞ നാലു വർഷമായി പൊളിഞ്ഞു കിടക്കുകയാണെന്നും ആയതിന്റെ സെപ്റ്റിക്ക് ടാങ്കിന്റെ അവസ്ഥ പരിതാപകരമാണെന്നും അറിയിച്ചു. പ്രസ്തുത വിവരം ഭരണസമിതിയെ അറിയിച്ചെങ്കിലും ആയതിനു യാതൊരു നടപടിയും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായില്ലായെന്നും അറിയിച്ചിരിക്കുന്നു.

**2. കുഴിക്കര അംഗൻവാടി (നം 14)**

അംഗൻവാടി പ്രവർത്തകരെ നേരിൽ കേട്ടപ്പോൾ കുഴിക്കര അംഗൻവാടിയുടെ മേൽക്കൂര ശോചനീയമായ അവസ്ഥയിലാണെന്നു അറിയിച്ചു. കുടിവെള്ള സൗകര്യവും ഇല്ല.

അടിയന്തിര പ്രാധാന്യം നൽകി പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നടപ്പിലാക്കുവാൻ മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ

സ്ഥാപനത്തിലെ KL-21-1182 -ാം നമ്പർ ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. മാസാവസാനമുള്ള ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.**

13.11.1970 ലെ സ.ഉ(പി) നം 803/70 /ഫിൻ ചട്ടം VI 31 പ്രകാരം ഓരോ മാസാവസാനവും വാഹനത്തിന്റെ കസ്റ്റോഡിയനായ നിർവഹണോദ്യോഗസ്ഥൻ തന്റെ നിയന്ത്രണത്തിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് സംക്ഷിപ്തം അനുബന്ധം II മാതൃകയിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള സംക്ഷിപ്തം മാസാവസാനം തയ്യാറാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

30.06.2019, 31.07.2019, 31.08.2019, 30.09.2019, 31.10.2019 എന്നീ മാസങ്ങളിൽ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**2.ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല.**

30.06.2007 ലെ ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ പ്രകാരം ഓരോ ആറുമാസത്തിലൊരിക്കൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട്

നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പരിശോധന നടന്നിട്ടില്ല.

3.**ലോഗ് ബുക്ക് കൃത്യമായി പരിപാലിച്ചിട്ടില്ല.**

**എ)യാത്ര ചെയ്ത ഓഫീസറുടെ ഒപ്പ് വാങ്ങിയിട്ടില്ല.**

24.05.2017 ലെ സ.ഉ(ആർ.ടി)നം 1699/2017 പ്രകാരം ഡ്രൈവറുടെ ഉത്തരവാദിത്തങ്ങൾ (6.5.10) അനുസരിച്ച് ഓരോ യാത്രയ്ക്ക് മുമ്പും ശേഷവും രേഖപ്പെടുത്തലുകൾ വരുത്തി യാത്ര ചെയ്ത ഓഫീസറുടെ ഒപ്പ് വാങ്ങേണ്ടതാണ്.

എന്നാൽ 10/19,11/19 എന്നീ മാസങ്ങളിൽ അത്തരത്തിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

**ബി) ഇന്ധനം നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.**

ഇന്ധനം നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന ദിവസങ്ങളിൽ ഇന്ധനം നിറച്ചപ്പോൾ ആയത് പാലിച്ചിട്ടില്ല.

| ലോഗ് ബുക്കിലെ പേജ് നമ്പർ | തീയതി |
|---|---|
| 147 | 6.05.2019 |
| 151 | 18.05.2019 |
| 153 | 27.05.2019 |
| 155 | 1.06..2019 |
| 156 | 6.06..2019 |

**സി) യാത്ര ചെയ്ത ദൂരം രേഖപ്പെടുത്തിയിട്ടില്ല.**

ചുവടെ ചേർക്കുന്ന തീയതികളിൽ യാത്ര ചെയ്ത ദൂരം രേഖപ്പെടുത്തിയിട്ടില്ല.

| ലോഗ് ബുക്കിലെ പേജ് നമ്പർ | തീയതി |
|---|---|
| 143 | 14.04.2019മുതൽ 17.04.2019 വരെ |
| 144 | 20.04.2019മുതൽ 21.04.2019 വരെ |

**ഡി)യാത്ര ചെയ്ത ദൂരം എഴുതിയതിൽ വ്യത്യാസം**

ചുവടെ ചേർക്കുന്ന ദിവസങ്ങളിൽ യാത്ര ചെയ്ത ദൂരം കൂട്ടി എഴുതിയതിൽ വ്യത്യാസം വന്നിരിക്കുന്നു. അതു വഴി ആരംഭ സമയത്തെ കിലോമിറ്ററും എത്തിയ സമയത്തെ കിലോമീറ്ററിലും പിഴവ് വന്നിരിക്കുന്നു.

| തീയതി | ആരംഭ സമയത്തെ മീറ്റർ റീഡിംങ്ങ് | എത്തിയ സമയത്തെ മീറ്റർ റീഡിംങ്ങ് (രേഖപ്പെടുത്തിയിരിക്കുന്നത്) | സഞ്ചരിച്ച ദൂരം | സഞ്ചരിച്ച ദൂരത്തിന്റെ അടിസ്ഥാനത്തിലുള്ള എത്തിയ സമയത്തെ മീറ്റർ റീഡിംങ്ങ് |
|---|---|---|---|---|
| 12.04.2019 | 192822 | 193009 | 87 | 192909 |
| 25.09.2019 | 201183 | 201226 | 42 | 201225 |
| 26.09.2019 | 201226 | 201243 | 27 | 201253 |
| 1.11.2019 | 202919 | 202937 | 28 | 202947 |
| | | | | |

| 12.11.2019 | 203528 | | 14 | 203542 |
|---|---|---|---|---|

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 12 നുള്ള മറുപടിയിൽ ടി കാലയളവിൽ ദിവസ വേതനാടിസ്ഥാനത്തിലുള്ള ഡ്രൈവർമാരാണ് വാഹനം ഓടിച്ചിരുന്നതെന്നും മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ലായെന്നും അറിയിച്ചിരിക്കുന്നു.

ഭാവിയിൽ ലോഗ് ബുക്ക് പരിപാലനത്തിന്റെ മാർഗ്ഗനിർദേശങ്ങൾ പാലിക്കുവാനും ആയതു പരിശോധിച്ച സാക്ഷ്യപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് പ്രമേയം പാസാക്കി എത്രയും വേഗം രൂപീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (എൻക്വയറി നമ്പർ 06/08.10.2021). ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികളില്ല

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**1)** ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

**2)** ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

**3)** ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

**4)** LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 07/08.10.2021ന്റെ മറുപടി). പരിസ്ഥിതി സംരക്ഷണത്തിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്നും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ല പഞ്ചായത്ത് അംഗത്തെയും നിയമസഭ അംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പരാമർശിച്ചിട്ടുള്ള സെക്ഷൻ 3എയിലെ ഉപവകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ പെർഫൊമൻസ് ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.

**1)** മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | യോഗങ്ങൾ ചേർന്ന തീയതികൾ | |
|---|---|---|
| | | |

| | | |
|---|---|---|
| 1 | 01.02.2019 | 19.01.2019 |
| 4 | 03.02.2019 | 21.01.2020 |
| 5 | 03.02.2019 | 22.01.2020 |
| 12 | 31.01.2019 | 13.01.2020 |
| 15 | 01.02.2019 | 19.01.2019 |

**2)**ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾ പങ്കെടുത്തതായി കാണുന്നില്ല.

**3)** ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനക്ക് വരുന്നില്ല.

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ വിളിച്ച് ചേർക്കേണ്ട ഉത്തരവാദിത്തം കൺവീനർമാരായ വാർഡ് മെമ്പർമാർക്കാണെന്നും ഇക്കാര്യം അവരെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 25/12.10.2021ന്റെ മറുപടി). ബ്ലോക്ക്, ജില്ല അംഗങ്ങൾ ഗ്രാമസഭായോഗങ്ങളിൽ പങ്കെടുത്ത് ഹാജരിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയെങ്കിലും അക്കാര്യം ബോദ്ധ്യപ്പെട്ടിട്ടില്ല. ഗ്രാമസഭകൾ നിയമ പ്രകാരം സംഘടിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

2000-01 മുതൽ 2018-19 വരെയുള്ള 6 ഓഡിറ്റ് റിപ്പോർട്ടുകളിൽ 41 ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നു. 2000-01 മുതൽ 2014-15 വരെയുള്ള റിപ്പോർട്ടികളിലെ തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികൾക്കുള്ള മറുപടി ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/08.10.2021 ന്റെ മറുപടി).

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1061/20 തീയതി 10.11.2020 പ്രകാരം പുറപ്പെടുവിച്ചിരുന്നു. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 15(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1)-ാം ചട്ടം എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 2 മാസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിക്കേണ്ടതായിരുന്നു. യഥാസമയം മറുപടി സമർപ്പിക്കാതിരുന്നതിനാൽ കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1061/20തീയതി 17.02.2021 പ്രകാരം അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചു. കോവിഡ് പശ്ചാത്തലത്തിൽ യഥാസമയം മറുപടി സമർപ്പിച്ചിരുന്നില്ലെന്നും 05.07.2021 ൽ മറുപടി നൽകിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്. ലഭ്യമാക്കിയ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ 2014-15 മുതലുള്ളതാണ്. അതിൽ പൂർണമായ രേഖപ്പെടുത്തലില്ല.

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും പരാമർശ വിഷയങ്ങൾ തീർപ്പാക്കുന്നതിനും ഓഡിറ്റ് രജിസ്റ്റർ കാലികമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നില്ല

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

**1)**വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയില്ല.

**2)** വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടില്ല.

**3)**ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-20 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി 29.10.2019ൽ മാത്രമാണ് യോഗം കൂടിയിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ. എന്നിവരുടെ നിർവ്വഹണത്തിലുള്ള വൃദ്ധർക്ക് കട്ടിൽ വാങ്ങൽ പ്രോജക്ടുകൾക്കും ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കുന്ന അംഗനവാടികൾക്ക് ഗ്യാസ് സ്റ്റൗവ്, ബഡ്സ് സ്കൂളിന് ഫർണിച്ചർ വാങ്ങൽ എന്നീ പ്രോജക്ടുകൾക്കും സാമ്പിളുകൾ പരിശോധിച്ച് ശുപാർശ ചെയ്തിട്ടുണ്ട്. ഇത് കൂടാതെ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ ഗ്യാസ് സ്റ്റൗവ്, പാത്രങ്ങൾ, ടി.വി. മുതലായവക്കും ഭിന്നശേഷി കലാമേളയ്ക്ക് കുട്ടികൾക്കായി ട്രോഫി വാങ്ങുന്നതിനും ക്വട്ടേഷൻ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വിവിധ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ, ഘടകസ്ഥാപനങ്ങൾക്ക് മൾട്ടി പ്രിന്റർ വാങ്ങി നൽകൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ, സ്കൂളുകൾക്ക് ഐ.ടി. ഉപകരണങ്ങൾ വാങ്ങൽ, കൃഷി ഭവനിൽ കമ്പ്യൂട്ടർ

അനുബന്ധ ഉപകരണങ്ങൾ, പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവർട്ടർ, യുപിഎസ് മുതലായവയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

മരുന്നുകൾ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും മൾട്ടി പ്രിന്റർ, ലാപ്ടോപ്പ് മുതലായവ സർക്കാർ ഉത്തരവ് പ്രകാരമുള്ള CPCRC സൈറ്റിൽ നിന്നും വാങ്ങുന്നതിനാലാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയിൽ വരാത്തതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 16/ 11.10.2021ന്റെ മറുപടി).

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-25 കേദാരം നെൽകൃഷി -രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല -178884/-രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | | S0046/20 |
| പ്രോജക്റ്റിന്റെ പേര് | | കേദാരം നെൽകൃഷി |
| | അടങ്കൽ തുക | ചെലവ് തുക |
| വികസന ഫണ്ട് (ജനറൽ) | 210000 | 178884 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 210000 | 0 |
| ആകെ | 420000 | 178884 |
| ബിൽ നമ്പർ | VKB3/2019-20 തീ.25.02.20 | |
| നിർവ്വഹണം | കൃഷി ഓഫീസർ | |

പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയിൽ ഒന്നും രണ്ടും വിള കൃഷി ചെയ്യുന്ന കർഷകർക്ക് 25 ഹെക്ടർ കൃഷിക്ക് കൂലി ചെലവ് സബ്സിഡി 170000/-രൂപ നൽകുന്നു.

പ്രസ്തുത പദ്ധതി പ്രകാരം 17884/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

I)ജോളി.പി. -2380/-

Ii)അനിത.എസ് - 1632/-

Iii)ശ്രീജിത്ത്. എസ് -3196/-

Iv)ശിവകുമാർ.ജി - 476/-

V)വേലായുധൻ -408/-

Vi)റിന.എസ്. -3570/-

Vii)ബേബി.ജി -5100/-

Viii)വസന്തകുമാരി -646/-

Ix)അഖില.ബി.എസ് -476/-

എന്നാൽ ഗുണഭോക്താക്കൾക്ക് നെൽകൃഷി കൂലി ചെലവിലേക്ക് സ്ഥലം കിളച്ച് ഒരുക്കിക്കൊടുത്ത വകയിൽ തുക നൽകിയതിന്റെ വൗച്ചറാണ് പരിശോധനയ്ക്ക് ലഭ്യമായത്.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

I) പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്റ്റ് ഫോറം

Ii) പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്

Iii)ഭൂവിസ്തൃതിയ്ക്ക് അനുസൃതമായിട്ടാണ് കൂലിചെലവ് നല്കിയതെന്നതിനെ സാധൂകരിക്കുന്ന രേഖകൾ

Iv)മറ്റേതെങ്കിലും സ്കീം പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം

V)വില ഇൻഷ്വറൻസ് മുൻകൂറായി കർഷകർ അടച്ചതിന്റെ രേഖകൾ

Vi)പ്രസ്തുത ഗുണഭോക്താക്കളുടെ അപേക്ഷ

പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 26ന് മറുപടി ലഭിച്ചില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 178884/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഗ്രോബാഗുകളുടെ സ്റ്റോക്ക് - വിതരണ രേഖകൾ ഇല്ല -220000/-രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | SO045/20 |
| പ്രോജക്ടിന്റെ പേര് | | വനിത പച്ചക്കറി കൃഷി(ഗ്രോ ബാഗ്) |
| | അടങ്കൽ തുക | ചെലവ് തുക |
| വികസന ഫണ്ട് (ജനറൽ) | 450000 | 165000 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 150000 | 55000 |
| ആകെ | 600000 | 220000 |
| ബിൽ നമ്പർ | VKB5/2019-20 തീ.25.02.20 165000/-രൂപ | |
| ചെക്ക് നമ്പർ | **SBXY No.3045879 തീ.12.02.20 49000/-രൂപ**<br>**SBXY No.30458783തീ.19.03.20 6000/-രൂപ** | |
| നിർവ്വഹണം | **കൃഷി ഓഫീസർ** | |

വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 165000/-രൂപയും ഗുണഭോക്തൃവിഹിതമായ 55000/-രൂപയും കാർഷിക കർമ്മ സേനയ്ക്ക് 110 ഗ്രോബാഗ് വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ 110 ഗ്രോബാഗ് ലഭിച്ചതിന്റെയും അവ സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനയ്ക്കായി ലഭ്യമായില്ല.

കളക്ഷൻ രജിസ്റ്റർ പ്രകാരം110 പേരാണ് പഞ്ചായത്തിൽ ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുള്ളത്. എന്നാൽ 9/12/2019-ലെ 1(8) നമ്പർ തീരുമാന പ്രകാരം 50 പേരുടെ ഗുണഭോക്തൃ ലിസ്റ്റാണ് അംഗീകരിച്ചത്. ബാക്കിയുള്ള 60 പേരെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമായില്ല.

വിതരണ രജിസ്റ്റർ പ്രകാരം 65 പേർക്ക് മാത്രമാണ് ഗ്രോബാഗ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി ഗ്രോബാഗുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

ഗ്രോബാഗ് ലഭിച്ച 65 പേരിൽ 3 പേർ മാത്രമാണ് 9/12/2019-ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. വിതരണ രജിസ്റ്റർ പ്രകാരം ഗ്രോബാഗ് സ്വീകരിച്ചത് കളക്ഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടവരാണ്. കളക്ഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടവരിൽ 3പേർ ഒഴികെ മറ്റുള്ളവർ 9/12/2019-ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 26ന് മറുപടി ലഭിച്ചില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 220000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഗുണഭോക്തൃവിഹിതം പിരിച്ചതിൽ അപാകത

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വനിത പച്ചക്കറി കൃഷി(ഗ്രോ ബാഗ്)(45/2020) പദ്ധതിയ്ക്കായി ഗുണഭോക്തൃവിഹിതം പിരിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.കേരള ട്രഷറി കോഡ് വാല്യം Iആർട്ടിക്കിൾ 92(ബി)കുറിപ്പ് 2 പ്രകാരം ഓരോ രസീത് ബുക്കിലേയും ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിയ്ക്കായി 16406, 51970 നമ്പർ രസീത് ബുക്കുകളാണ് ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത രസീത് ബുക്കുകൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.രസീത് ബുക്ക് നമ്പർ 16406ലെ രസീത് 7 ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ അതിന്റെ ഡ്യൂപ്ലിക്കേറ്റ് രസീത് ബുക്കിലില്ല. മാത്രമല്ല ക്യാൻസൽ ചെയ്ത രസീത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

3.രസീത് ബുക്ക് നമ്പർ 16406ലെ രസീത് നമ്പർ 68 പ്രകാരം 500/- രൂപ സജില.കെ ആമ്പാടി, കുറ്റിമൂട് എന്ന വ്യക്തിയിൽ നിന്ന് ഗുണഭോക്തൃവിഹിതം ആയി പിരിച്ചിട്ടുണ്ട്. ആയത് കളക്ഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല. രസീത് ബുക്ക് നമ്പർ 16406 ലെ ആകെ രസീതുകളിൽ ഒരെണ്ണം ക്യാൻസൽ ചെയ്തതൊഴികെ ബാക്കി 99രസീതുകൾ പ്രകാരം 49500/- രൂപയാണ് വരവായി വരേണ്ടത്. എന്നാൽ കളക്ഷൻ രജിസ്റ്റർ 49000/- രൂപ മാത്രമേ വരവ് വന്നിട്ടുള്ളൂ. പ്രസ്തുത തുക മാത്രമേ പഞ്ചായത്തിൽ അടവാക്കിയിട്ടുമുള്ളൂ.

4.രസീത് ബുക്ക് നമ്പർ 51970 ലെ 12 രസീതുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 26ന് മറുപടി ലഭിച്ചില്ല. ഗുണഭോക്തൃവിഹിതം പിരിച്ചതിലും രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലും കൃഷി ഓഫിസർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. പ്രസ്തുത വിഷയത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 കൃഷി ഓഫിസർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം Iആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം പിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി ഓഫീസർ TR-7A ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 26ന് മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള ക്യാഷ് ബുക്ക് പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികൾ – പൊതു അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം, ഫയൽ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1)പ്രവൃത്തികളിലെല്ലാം നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി കളക്ഷൻ ചാർജ് കുറവ് ചെയ്യുന്നതിനോടൊപ്പം പ്രവൃത്തി മൂല്യത്തിന്റെ 1% പൂർണമായി കിഴിവ് നടത്തുന്നു.

ഉദാഹരണം - മത്തുവാതുക്കൽ എൽ.പി.എസിൽ സ്മാർട്ട് ക്ലാസിനായുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ (165/20)

പ്രവൃത്തി മൂല്യം -148761

ടെൻഡർ കിഴിവ് -1488

ബിൽ തുക – 147273

ആദായ നികുതി -1473

ക്ഷേമനിധി വിഹിതം -1473

കളക്ഷൻ ചാർജ് -15

കരാറുകാരന് - 144312

ക്ഷേമനിധി വിഹിതം 0.99%, കളക്ഷൻ ചാർജ് 0.01% എന്ന ക്രമത്തിൽ ആകെ 1% നിരക്കിൽ 1473/-രൂപയ്ക്ക്പകരമായി 1488/-രൂപ കിഴിവ് നടത്തി.

അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ലെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 30/13.10.2021ന്റെ മറുപടി).

2) പ്രവൃത്തി പൂർത്തീകരണ കാലയളവ് മൂന്ന് മാസമുള്ള കോലിഞ്ചി അംഗനവാടി മെയിന്റനൻസ് & ചുറ്റുമതിൽ നിർമ്മാണം പ്രവൃത്തിയിൽ (154/20) സ്ഥലം കൈമാറിയത് 31.08.2018ലാണ്. 30.11.2018ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 20.06.2019ലാണ്. ഏഴ് മാസത്തെ കാലതാമസമുണ്ടായിട്ടും പിഴ ഈടാക്കിയിട്ടില്ല. അംഗനവാടി പ്രവർത്തനമുണ്ടെന്ന കാരണം കാണിച്ച് എക്സ്റ്റൻഷനായി കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. അംഗൻവാടി അടച്ചിട്ടിരുന്ന ദിവസങ്ങളിൽ മാത്രമാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നും അതിനാലാണ് പിഴ ഈടാക്കാഞ്ഞതെന്നുമാണ് വിശദീകരണം.

ഇക്കാര്യമെല്ലാം പരിഗണിച്ചാണ് സാങ്കേതികാനുമതി ലഭ്യമായതെന്നതിനാൽ പ്രസ്തുത വിശദീകരണം അംഗീകരിക്കാവുന്നതല്ല.

3) ഇ -ടെന്റർ പ്രവൃത്തികളുടെ ഫയലിൽ BOQ, Comparative BOQ എന്നിവ സൂക്ഷിച്ചിട്ടില്ല.

ഉദാഹരണം കോലിഞ്ചി അംഗനവാടി മെയിന്റനൻസ് & ചുറ്റുമതിൽ നിമ്മാണം പ്രവൃത്തിയിൽ (154/20) , കാഞ്ഞിരം പാറ- നെടുകുഴി- താളിക്കുഴി റോഡ് റീ ടാറിംഗും കോൺക്രീറ്റിംഗും (153/20)

4) പ്രവൃത്തികളിൽ പൂർത്തീകരണ തീയതിരേഖപ്പെടുത്തിയിട്ടില്ല. പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

5)പ്രവൃത്തി അനുവദിച്ചു നല്കുന്ന കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സമയബന്ധിതമായി കരാറിലേർപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I)കരുവയൽ അംഗൻവാടി മെയിന്റനൻസ് (129/20)

Ii)മേലാറ്റുമൂഴി തണ്ണിപ്പാറ ഇരളൂർ റോഡ് റീ ടാറിംഗ് (144/20)

Iii)വട്ടപ്പാറ അംഗൻവാടി മെയിന്റനൻസ് (155/20)

Iv)വാമനപുരം യു.പി.എസിൽ ടോയിലറ്റ് നിർമ്മാണം(170/20)

V) പരപ്പാറ എസ്.കെ.വി. യു.പി.എസിൽ ടോയിലറ്റ് (171/20)

Vi)കാഞ്ഞിരം പാറ- നെടുകുഴി- താളിക്കുഴി റോഡ് റീ ടാറിംഗും കോൺക്രീറ്റിംഗും (153/20)

ഭാവിയിൽ സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താമെന്നാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 36/16.10.2021ന്റെ മറുപടി).

പ്രവൃത്തി ഫയലുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ കൂടുതൽ സൂക്ഷ്മതയും ശ്രദ്ധയും ആവശ്യമാണ്.

## 1-30 4.71 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന രഹിതം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO167/20 |
| അടങ്കൽ തുക | 625000 (ശുചിത്വമിഷൻ ഫണ്ട്) |
| നിർവ്വഹണഏജൻസി | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ |
| ചെലവ് തുക | 471966 |
| 2019-20 വർഷത്തെ ചെലവ് | 110000/-രൂപ<br>ചെക്ക് നമ്പർ 578904/22.08.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |

വാമനപുരം പബ്ലിക് മാർക്കറ്റിൽ നിലവിൽ സ്ഥിതി ചെയ്യുന്ന ബയോഗ്യാസ് പ്ലാന്റിൽ ഉൾക്കൊള്ളുന്നതിലും അധികം മാലിന്യം പഞ്ചായത്ത് പ്രദേശത്ത് ഉല്പാദിപ്പിക്കപ്പെടുന്നതിനാൽ ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തി പുതിയ ഒരു ബയോഗ്യാസ് പ്ലാന്റ് കൂടി സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത പ്രോജക്റ്റ്.

നിർവ്വഹണ ഏജൻസിയുടെ 6.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി നല്കിയെങ്കിലും അടങ്കൽ തുക 550000/- രൂപയായി പുനർനിർണയിച്ചാണ് ശുചിത്വമിഷനിൽ നിന്ന് സാങ്കേതികാനുമതി ലഭ്യമായത്. ഏജൻസിയുമായി 01.03.2019ൽ കരാർ ചമയ്ക്കുകയും എസ്റ്റിമേറ്റ് തുകയുടെ 20% ആയ 110000/-രൂപ ആദ്യ ഗഡുവായി നല്കുകയും ചെയ്തു. 2020-21 വർഷം ചെക്ക് നമ്പർ 887734/06.02.2021 പ്രകാരം 361966/- രൂപ ഏജൻസിക്ക് നല്കിയിട്ടുണ്ട്.

2018-19 വർഷം 625000/-രൂപ അടങ്കൽ വകയിരുത്തിയിരുന്ന 169/19-ാം നമ്പർ പ്രോജക്റ്റിന്റെ സ്പിൽ ഓവറായി അംഗീകാരം വാങ്ങിയതാണ് പ്രസ്തുത പ്രോജക്റ്റ്. ശുചിത്വ മിഷൻ 550000/- രൂപയുടെ സാങ്കേതികാനുമതി (നമ്പർ 2687/

സി6/2018/എസ്.എം തീയതി 18.02.2019) നല്കിയതിന ശേഷവും 2019-20, 2020-21 വർഷങ്ങളിൽ 625000/-രൂപ അടങ്കൽ വകയിരുത്തിയതിനുള്ള കാരണം നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടില്ല. തുക വകയിരുത്തിയത് കമ്മിറ്റി തീരുമാനമായതിനാൽ വിശദാംശങ്ങൾ ഭരണസമിതിക്ക് അറിയാൻ കഴിയുന്നതാണെന്ന മറുപടിയാണ് എൻക്വയറിക്ക് (നമ്പർ 32/16.10.2021) ലഭ്യമാക്കിയത്.

കരാർ നിബന്ധന 1 പ്രകാരം കരാർ തീയതി (01.03.2019) മുതൽ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരണ തീയതി ബിൽ പ്രകാരം 06.03.20ഉം മെഷർമെന്റ് തീയതി എം.ബുക്ക് (നമ്പർ16) പ്രകാരം 07.09.20ഉം ആണ്.

സാങ്കേതികാനുമതി നിബന്ധന 7 പ്രകാരം, സ്ഥാപിക്കപ്പെടുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ ദൈനംദിന ശാസ്ത്രീയ പ്രവൃത്തി പരിപാലനം സർക്കാർ അംഗീകൃത സേവനദാതാക്കൾ മുഖാന്തിരമോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള ഹരിതകർമ്മ സേനാംഗങ്ങളെ ഉപയോഗപ്പെടുത്തിയോ കൃത്യമായും നടത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നുണ്ട്. പ്രോജക്ടിൽ ബയോഗ്യാസ് പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന താപോർജ്ജം സമീപമുള്ള സർക്കാർ ഓഫീസുകളിൽ സൗജന്യമായി വിതരണം ചെയ്യുമെന്നുണ്ട്. എന്നാൽ, 18.10.2021ൽ നടത്തിയ സ്ഥലപരിശോധനയിൽ, ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന രഹിതമായി കാട് പിടിച്ച നിലയിലാണെന്ന് കണ്ടെത്തി. മാർക്കറ്റിലെ ജൈവമാലിന്യങ്ങൾ സമീപത്തായി കൂട്ടിയിട്ടിരിക്കുന്നു.





ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന രഹിതമാണെന്ന വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും 3(7)/22.04.2021ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എ1-177/2021 തീയതി 06.05.2021-ാം നമ്പർ കത്ത് പ്രകാരം പ്ലാന്റ് സ്ഥാപിച്ച ഏജൻസിയോട് പ്രവർത്തനക്ഷമമാക്കാൻ ആവശ്യപ്പെടുകയും ചെയ്തതായും നാളിതുവരെയും പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടില്ലെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 46/18.10.2021ന്റെ മറുപടി). പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻപുണ്ടായിരുന്ന ബയോഗ്യാസ് പ്ലാന്റിന്റെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 32/16.10.2021) വിശദാംശം സെക്രട്ടറിയോട് അന്വേഷിച്ചറിയാവുന്നതാണെന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയത്.

ഖരമാലിന്യ സംസ്കരണത്തിൽ, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 218, 219 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## <u>1-31 ചാരുപാറ കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | S0123/20 |
| അടങ്കൽ തുക | 20,00,505 |

| | |
|---|---|
| | (ധനകാര്യ കമ്മീഷൻ അവാർഡ്) |
| കരാറുകാരൻ | പുഷ്പോത്ഭവൻ(2496226.67) |
| 2019-20 വർഷത്തെ ചെലവ് തുക | 18,16,364 |
| ബിൽ നമ്പർ | 01/03.06.2019 തുക 685224<br>ലഭ്യമല്ല/25.03.2019 തുക 1131140 |
| എം.ബുക്ക് നമ്പർ | 719/17-18, 810/17-18, 812/17-18 |

600 മീറ്റർ പൈപ്പ് ലൈൻ നീട്ടി വാട്ടർടാങ്ക് സ്ഥാപിച്ച് അതിൽ നിന്നും ഹൗസ് കണക്ഷന വേണ്ടി 2017-18 വർഷം അംഗീകാരം വാങ്ങിയ പ്രോജക്ട് (നമ്പർ 124/18, അടങ്കൽ 2500000). കരാറുകാരൻ മരണപ്പെട്ടുകയും 2018-19ൽ സ്പിൽ ഓവറായി അംഗീകാരം വാങ്ങുകയുമുണ്ടായി(നമ്പർ 125/19). പദ്ധതി ആംഗീകാരം വാങ്ങി നാല് വർഷം കഴിഞ്ഞിട്ടും പ്രവർത്തനക്ഷമമായില്ല. 2018-19, 2019-20 വർഷങ്ങളിലായി 23,15,859/- രൂപ ചെലവഴിച്ചു.

പ്രസ്തുത കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് കൈമാറി നൽകിയിട്ടില്ല. പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ പ്രസ്തുത സ്ഥലത്ത് കെ.എസ്.ഇ.ബി. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് വിശദീകരണം നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 30/13.10.2021ന്റെ മറുപടി). കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി വിശദമായി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 ഈട്ടിമൂട് പേഴുംമൂട് അംഗൻവാടി മെയിന്റനൻസ് - പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO120/20 |
| അടങ്കൽ തുക | 345709(ധനകാര്യ കമ്മീഷൻ അവാർഡ്) |
| കരാറുകാരൻ | എസ്.ജയകുമാർ (345708.94) |
| ചെലവ് തുക | 343950 |
| ബിൽ നമ്പർ | 04/06.07.2019 തുക296785<br>21/05.08.2019 തുക 47165 |
| എം.ബുക്ക് നമ്പർ | 520/18-19, 524/18-19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)കരാർ ഉറപ്പിച്ചയാളിന്റേതൊഴികെ മറ്റ് BOQ ഒന്നുംതന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3)ഇനം 22, 29 എന്നിവ ഒഴിവാക്കി 5 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4)റിറ്റൻഷൻ തുകയിൽ നിന്ന് കിഴിവുകൾ നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**<u>ആദ്യ പാർട്ട് ബിൽ</u>**

| | |
|---|---|
| പ്രവൃത്തി മൂല്യം | 305925 |
| (-)ടെണ്ടർ കിഴിവ് | 1530 |
| | |

| | |
|---|---|
| | 304395 |
| (-)റിറ്റൻഷൻ തുക 2.5% | 7610 |
| ബിൽ തുക | 296785 |
| IT | 2968 |
| KCWWF | 2968 |
| Collection Charge | 30 |
| SGST | 2968 |
| CGST | 2968 |
| കരാറുകാരന് നൽകിയ തുക | 284883 |

**ഫൈനൽ ബിൽ**

| | |
|---|---|
| പ്രവൃത്തി മൂല്യം | 345678 |
| (-) പാർട്ട് ബിൽ തുക | 305925 |
| (-)ടെന്റർ കിഴിവ് | 198 |
| | 39555 |
| (+)റിറ്റൻഷൻ തുക | 7610 |
| ബിൽ തുക | 47165 |
| IT 1% @39555 | 396 |
| KCWWF | 396 |
| Collection Charge | 4 |
| SGST | 396 |
| CGST | 396 |
| കരാറുകാരന് നൽകിയ തുക | 45577 |

അപാകതകൾ ആവർത്തിക്കില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 33/16.10.2021). ഇപ്രകാരമുള്ള അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തിയ 39 മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗം എണ്ണത്തിന്റെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. പരിശോധനാ വിധേയമാക്കിയ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മാറ്റം വരുത്തിയതിന്റെ വിവരങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| I | SO157/20 | ഇരുളൂർ തറുതലക്കുന്ന് എസ്.സി.കോളനി കുടിവെള്ള പദ്ധതി നവീകരണം | ആദ്യ എസ്റ്റിമേറ്റിലെ ഇനം 2 25mm പൈപ്പ്, ഇനം 4 ലെ ടാപ്പുകൾ എന്നിവ ഒഴിവാക്കി 15 അധിക ഇനങ്ങൾ ഉൾപ്പെടുത്തി. ഇതിൽ 40mm, 110mm പൈപ്പുകൾ, 5HP പമ്പ് സെറ്റ് എന്നിവ ഉൾപ്പെടുന്നു. |
| Ii | SO165/20 | മാത്തുവാതുക്കൽ എൽ.പി.എസിൽ സ്മാർട്ട് ക്ലാസിനായുള്ള അടിസ്ഥാന സൌകര്യമൊരുക്കൽ | ഇനം-2 Cement Plastering Roof Top, ഇനം-4 Vitrified Floor Tiles, ഇനം-5 Renewing Glass Panes എന്നിവ ഒഴിവാക്കി Ceramic Glazed Floor Tiles എന്ന എക്സ്ട്രാ ഇനം ഉൾപ്പെടുത്തി. |
| Iii | SO154/20 | കോലിഞ്ചി അംഗനവാടി മെയിന്റനൻസ് & ചുറ്റമതിൽ നിർമ്മാണം | 3, 6, 8, 10, 11 എന്നീ ഇനങ്ങൾ ഓഴിവാക്കി 3 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. |

നിർവ്വഹണ സമയത്ത് സൈറ്റ് കണ്ടീഷനിൽ നിന്ന് എസ്റ്റിമേറ്റിന് വ്യത്യാസം ഉണ്ടായിരുന്നതിനാൽ കമ്മിറ്റി തീരുമാനപ്രകാരം റിവൈസ് ചെയ്യേണ്ടിവന്നുവെന്നാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 17/11.10.2021ന്റെ മറുപടി).

ഭാവിയിൽ, വ്യക്തമായ സ്ഥലപരിശോധന നടത്തി പ്രവൃത്തി സ്ഥലത്തിന്റെ അവസ്ഥയും പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ ആവശ്യകതയും കണക്കിലെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 യഥാസമയം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയില്ല

പൊതുമരാമത്ത് മാന്വൽ 2012 [ജി.ഒ.(പി) 13/2012/PWD തീയതി 01.02.2012)] സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PACയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, ഗ്രാമപഞ്ചായത്തിൽ കാലാവധി ദീർഘിപ്പിക്കപ്പെട്ട പ്രവൃത്തികളുടെ കാര്യത്തിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ഉണ്ടായിട്ടില്ല.

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കാലാവധി കഴിഞ്ഞതിനു ശേഷമാണ് പൂർത്തീകരിച്ചത്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 155/20 |
| പദ്ധതിയുടെ പേര് | വട്ടപ്പാറ അംഗൻവാടി മെയിന്റനൻസ് |
| അടങ്കൽ | 239621 |
| ചെലവ് | 239356 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| കരാറുകാരൻ | അനി.സി.ബി |
| എം.ബുക്ക് നമ്പർ | 809/2017-18 |
| ബിൽ നമ്പർ | 16/ 28.07.2019 |
| സ്ഥലം കൈമാറിയ തീയതി | 31.08.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| പൂർത്തീകരിച്ച തീയതി | 28.03.2019 |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 146/20 |
| | |

| | |
|---|---|
| പദ്ധതിയുടെ പേര് | അതിർത്തിമുക്ക് മുട്ടക്കോണം റോഡ് റീടാറിംഗ് |
| അടങ്കൽ | 336173 |
| ചെലവ് | 315979 |
| ഫണ്ട് | മെ.ഫണ്ട് (റോഡ്) |
| കരാറുകാരൻ | പി.രത്നാകരൻ |
| എം.ബുക്ക് നമ്പർ | 480/2018-19 |
| ബിൽ നമ്പർ | 14/ 05.07.2019 |
| സ്ഥലം കൈമാറിയ തീയതി | 1.08.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| പൂർത്തീകരിച്ച തീയതി | 30.03.2019 |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | 121/20 |
| പദ്ധതിയുടെ പേര് | കരുവയൽ അംഗൻവാടി മെയിന്റനൻസ് |
| അടങ്കൽ | 263371 |
| ചെലവ് | 248178 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| കരാറുകാരൻ | അനി.സി.ബി |
| എം.ബുക്ക് നമ്പർ | 328/18-19 |
| ബിൽ നമ്പർ | 3/19-20 തീയതി 07.06.2019 |
| സ്ഥലം കൈമാറിയ തീയതി | 31.08.2018 |
| പൂർത്തീകരണകാലാവധി | 3 മാസം |
| പൂർത്തീകരിച്ച തീയതി | 25.02.2019 |

പ്രസ്തുത പ്രവൃത്തികളുടെ നിയമാനുസൃതമുള്ള പിഴ ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 41/16.10.2021ന്റെ മറുപടി). തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 മരുന്നുകൾ ലഭ്യമാക്കാൻ കാലതാമസം

| | |
|---|---|
| നമ്പർ | 14/2020 |
| പേര് | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 8,00,000 (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് തുക | 8,00,000 |
| ബിൽ നമ്പർ | 03/23.10.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ – ആയുർവേദം |

ഔഷധിയുമായി ചമച്ച കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം മരുന്നുകൾ 60 ദിവസത്തിനകം വിതരണം ചെയ്യണമെന്നാണ് . 23.10.2019 ൽ തുക കൈമാറിയെങ്കിലും 28.09.2020 നാണ് മരുന്നുകൾ പൂർണമായും ലഭ്യമായത് (വിശദാംശം ചുവടെ ചേർക്കുന്നു). കരാറിന് വിരുദ്ധമായി, യഥാസമയം മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമായില്ല.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 90137802 | 31.10.2019 | 97,893/- |
| 2 | 90142189 | 30.11.2019 | 1,83,810/- |
| 3 | 90148120 | 20.01.2020 | 1,13,890/- |
| 4 | 90150241 | 31.01.2020 | 2,36,391/- |
| 5 | 90157711 | 24.03.2020 | 49,131/ |
| 6 | 90153769 | 27.02.2020 | 1,11,285/- |
| 7 | 90177461 | 27.08.2020 | 6,997/- |
| 8 | 90180742 | 28.09.2020 | 604/- |
| | ആകെ | | 8,00,001/- |

യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് ഔഷധിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി 20/13.10.2021ന്റെ മറുപടി). കരാർ ലംഘനത്തിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-36 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - അപാകങ്ങൾ</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ | 15/20 |
| പേര് | ഹോമിയോ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ |
| അടങ്കൽ തുക | 2,00,000 |
| ചെലവ് തുക | 2,00,000 |
| ബിൽ നമ്പർ | 4/23.10.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ – ആയുർവേദം |

ഇൻഡന്റ് പ്രകാരം ആവശ്യമായ രണ്ട് ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമല്ലായെന്നുള്ള വിവരം (എൻ.എ.സി) ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് ലഭിച്ചത് 26.12.2019 ൽ ആണ്. എന്നാൽ അതിനും രണ്ടു ദിവസം മുൻപ് (24.12.2019) മരുന്നുകളുടെ വിലയായ രണ്ട് ലക്ഷം രൂപ ഹോം കോയിൽ ഒടുക്കിയിട്ടുണ്ട്. 24.12.2019 ൽ മരുന്നുകളുടെ വില

നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായത് 26.02.2020 ൽ മാത്രമാണ്. ഹോംകോയുമായി കരാർ വച്ചിട്ടില്ല. എൻ.എ.സിക്കുള്ള അപേക്ഷ നല്കിയതിനുശേഷമാണ് ബിൽ ട്രഷറിയിൽ സബ്മിറ്റ് ചെയ്തതെന്നും ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കില്ലെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 22/12.10.2021ന്റെ മറുപടി).

**1-37 പട്ടിക ജാതി വിദ്യാർഥികൾക്ക് ലാപ്ടോപ് വിതരണം- അധികം നൽകിയ 31,717/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 19/20 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർഥികൾക്ക് ലാപ്ടോപ് |
| ബിൽ നമ്പർ | 6/ 21-1-20തുക137445 |
| നിർവ്വഹണം | എച്ച്.എം. |
| ഫണ്ടിനം | വികസനഫണ്ട് (SCP) |

മേൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 5 കമ്പ്യൂട്ടറുകൾ വാങ്ങി വിദ്യാർഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട് (ടാക്സ് ഇൻവോയ്സ് നം 200105001460/5-6-20 തുക -105728 ). പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

**A.** അഞ്ചു കമ്പ്യൂട്ടറുകളുടെ വിലയായി പ്രഫോർമ ഇൻവോയ്സ് നമ്പർ TVM-ITBG-P1-RC /12850 /19-20 പ്രകാരം 137445/- രൂപയാണ് മുൻകൂറായി അടവാക്കിയത് . എന്നാൽ കെൽട്രോൺ ടാക്സ് ഇൻവോയ്സ് നമ്പർ 200105001460/ 5-6-20 ഇ വെ ബിൽ എന്നിവ പ്രകാരം 105728/- രൂപ മാത്രമാണ് ലാപ് ടോപ്പുകളുടെ വില. ഇപ്രകാരം വ്യത്യാസത്തിനു കാരണമെന്താണെന്നും അധിക തുകയായ 31717/- രൂപ തിരികെ ലഭിക്കാൻ കെൽട്രോണുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്നുള്ളതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നമ്പർ 27) ന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**B.** ലാപ്ടോപ് വാറന്റി സംബന്ധിച്ച കരാർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**C.** ലാപ്ടോപ് നൽകിയ അച്ചൂസ് വിജയ്, ചരുവിള വീട് എന്ന വിദ്യാർഥിയുടെ റേഷൻ കാർഡ് നം 1105131964 പ്രകാരം തദ്ദേശ സ്ഥാപനം നെല്ലനാട് എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ടിയാന് നെല്ലനാട് ഗ്രാമ പഞ്ചായത്തിൽ നിന്നും ഇത്തരത്തിൽ ധന സഹായം ലഭിച്ചിട്ടില്ല എന്നതിന്റെ രേഖയും ടിയാൻ വാമനപുരം പഞ്ചായത്തിലെ സ്ഥിര താമസക്കാരനാണ് എന്നതിന്റെ വിവരവും ലഭ്യമല്ല.

**D.** വാങ്ങലുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് രേഖകൾ ലഭ്യമാക്കും വരെക്കും അധികമായി ചെലവു ചെയ്ത 31,717/- രൂപ തടസ്സത്തിൽ വക്കുന്നു.

**1-38 സ്കൂളുകൾക്ക് പ്രിന്ററുകൾ വാങ്ങൽ - ടാക്സ് ഇൻവോയ്സ് ലഭ്യമല്ല- 88,356/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 20/21 |
| പ്രോജക്റ്റിന്റെ പേര് | സ്കൂളുകൾക്ക് ഐ ടി ഉപകരണങ്ങൾ വാങ്ങൽ |
| ബിൽ നമ്പർ | 4/30-9-20 തുക 88356 |
| നിർവ്വഹണം | എച്ച്.എം. |
| ഫണ്ടിനം | നോൺറോഡ് |

പദ്ധതി പ്രകാരം 6 സ്കൂളുകൾക്ക് പ്രിന്റർ കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.(പ്രൊഫോർമ ഇൻവോയ്സ് നം TVM/ITBG/P1/RC/9119/17-18 തുക 88356). ഉപകരണങ്ങളുടെ ടാക്സ് ഇൻവോയ്സ് ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതു വരെയ്ക്കും ചെലവു തുക 88356/- രൂപ തടസ്സപ്പെടുത്തുന്നു.

**1-39 പദ്ധതിയിലുൾപ്പെടാത്ത ഇനത്തിനായി തുക ചെലവഴിക്കൽ - ചെലവ് തുക 3,99,995/- രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 118/20 (SO) |
| പ്രോജക്റ്റിന്റെ പേര് | വാമന പുരം, ആനാകുടി, കാഞ്ഞിരം പാറ, ആനച്ചൽ എന്നീ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം |
| അടങ്കൽ | 600000/- |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ | 3/2-8-19 തുക 200005 |
| ബിൽ നമ്പർ | 2/ 29-6-19 തുക 169045 |
| ബിൽ നമ്പർ | 1/9-5-19 തുക 230950 |
| പ്രോജക്റ്റ് നമ്പർ | 125/20 (SO) |
| പ്രോജക്റ്റിന്റെ പേര് | മത്തുവാതുക്കൽ എൽ പി എസ്സിൽ സ്മാർട്ട് ക്ലാസ്. |
| അടങ്കൽ | 150000/- |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ | 5/14-10-19 തുക 142145 |
| നിർവ്വഹണം | എച്ച്.എം. |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |

മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടു പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഗവ എൽ.പി സ്കൂൾ കാഞ്ഞിരം പാറ, ഗവ യു പി സ്കൂൾ ആനച്ചൽ, ഗവ യു പി സ്കൂൾ ആനാകുടി, ഗവ യു പി സ്കൂൾ വാമനപുരം, മത്തുവാതുക്കൽ എൽ പി എസ് എന്നീ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിനു വേണ്ടി ലാപ്ടോപ്, വൈറ്റ് ബോർഡ്, പ്രോജക്ടർ, യു പി എസ്സ്, Speaker, Projector, Mounting Kit, Other Accessories എന്നീ ഇനങ്ങൾക്കായി തുക വകയിരുത്തുകയും മേൽ പറഞ്ഞ ഇനങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങുകയും ചെയ്തു.

എ)ഇൻസ്റ്റലേഷനും ഇലക്ട്രിഫിക്കേഷനുമായി ഓരോ സ്കൂളിനും 15000/- രൂപ വെച്ച് 75000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ടി ഇനത്തിനായി തുക ചെലവഴിക്കുകയുണ്ടായിട്ടില്ല. ഇലക്ട്രിഫിക്കേഷനുന് നടത്താതെ സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല. പദ്ധതിയിൽ ഉൾപ്പെടാത്ത കസേര വാങ്ങലിനായി 399995/- രൂപ സിഡ്കോക്ക് അനുവദിച്ചതായി കാണുന്നു . പദ്ധതി പ്രകാരമുള്ള തുക വകയിരുത്തിയ ഇനങ്ങൾക്കല്ലാതെ ചെലവഴിച്ചതിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി)വാങ്ങലുമായി ബന്ധപ്പെട്ട പ്രോക്യുർമെന്റ് കമ്മറ്റി തീരുമാനം ലഭ്യമാക്കിയില്ല.

സി) സിഡ്കോയുമായി ഏർപ്പെട്ട കരാറിൽ നിർവഹണോദ്യോഗസ്ഥൻ ഒപ്പു വെച്ചിട്ടില്ല.

ഡി) കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കുന്നതുവരെ ചെലവു തുക 3,99,995/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായതിന്റെ വിവരം ലഭ്യമല്ല

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1. | ലൈഫ് ഭവന പദ്ധതി | 111/2020 (New) | 5444611 | 4989770 |

| | | | | |
|---|---|---|---|---|
| 2. | ലൈഫ് ഭവന പദ്ധതി (SO) | 139/2020 | 29522755 | 16020855 |
| 3. | ലൈഫ് ഭവന പദ്ധതി (SO)(SC) | 140/2020 | 1576033 | 1520000 |
| നിർവ്വഹണം – വി.ഇ.ഒ – 2 | | | | |

1.പദ്ധതി പ്രകാരം ഭവന പദ്ധതിക്കായി ഗുണഭോക്താക്കൾക്ക് ധന സഹായം അനുവദിച്ച നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമല്ല. താഴെ പറയുന്ന വ്യക്തികളുടെ ഭവന നിർമ്മാണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് / PHOTO/ഓണർ ഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ഫയലിലില്ല,

എ. സജിത എം എസ് , പുളിഞ്ചിക്കാ പൊയ്ക വാർഡ്-9

ബി . വസന്തകുമാരി ,അനഘ ഭവൻ , വാർഡ്- 6

സി . മിനിമോൾ പി,ഷിമി ഭവൻ പൂവത്തൂർ-12

ഡി. മണികണ്ഠൻ നായർ /ഷൈലജ കുമാരി ശ്രീകൃഷ്ണ വിലാസം -8 ( ടിയാൻ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിയായതിനാൽ എ ഡി എസി നാണ് തുക കൈമാറിയിരിക്കുന്നത് )

ഇ. ലീലാമണി ലാൽ മന്ദിരം , ഇരുളൂർ-11

എഫ് . മാധവൻ കാവടി വാരത്ത് ,ചരുവിള

ജി. ഇന്ദിര എസ് മൂർത്തീകാവിൽ
എച്ച്.സന്ധ്യ രാജേന്ദ്രൻ, കുമാരി ഭവൻ

2 . ബേബി കെ , ചിറക്കര വീട് , കളമച്ചൽ എന്നവർക്ക് 2019-20 വർഷം പ്രോജക്റ്റ് നം 140/20 പ്രകാരം 50000+50000+40000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ 19-20 വർഷത്തിൽ 40000/- രൂപ മാത്രമെ രേഖപ്പെടുത്തി കാണുന്നുള്ളൂ. പ്രസ്തുത വ്യക്തിക്ക് ധന സഹായം അനുവദിച്ചിരിക്കുന്നത് 67308748814 എസ് ബി ഐ എന്ന അക്കൌണ്ടിലേക്കാണ്. എന്നാൽ ഫയലിലുള്ളത് 37757327658 എന്ന അക്കൌണ്ടാണ്. തുക കൈമാറിയിരിക്കുന്നത് പ്രസ്തുത ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കാണെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

3. സന്ധ്യ രാജേന്ദ്രൻ, കുമാരി ഭവൻ എന്ന വ്യക്തിയുടെ ഭവന നിർമ്മാണം പൂർത്തിയായതിന്റെ PHOTO/ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലില്ല.

പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-41 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പുതുക്കിയ വിസ്തീർണത്തിനനുസരിച്ച് കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 185/20 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠന മുറി |
| അടങ്കൽ | 750000 |
| ചെലവ് | 300000 |
| ഫണ്ടിനം | എസ് സി പി |
| ബിൽ നമ്പർ | 13/16-12-19 തുക 50000 |
| ബിൽ നമ്പർ | 16/5-2-20 തുക 100000 |
| ബിൽ നമ്പർ | 17/25-2-20 തുക 50000 |

പദ്ധതി പ്രകാരം പട്ടിക ജാതി വിദ്യാർഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് ധന സഹായം അനുവദിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം (ഫയലിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ രേഖപ്പെടുത്തിയ വിസ്തീർണ്ണം) പഠന മുറി നിർമ്മാണത്തിനു ശേഷം ടി കെട്ടിടത്തിന്റെ വസ്തുനികുതി പുതുക്കിയ വിസ്തീർണ്ണത്തിനനുസരിച്ച് പുതുക്കി നിർണ്ണയിച്ചതായി കാണുന്നില്ല.

| പേര് | പഠനമുറിയുടെ വിസ്തീർണം (സ്ക്വയർഫീറ്റ് കണക്കിൽ) | നിലവിൽ വസ്തുനികുതി കണക്കാക്കുന്ന വിസ്തീർണം | പുതുക്കി നിശ്ചയിക്കേണ്ട വിസ്തീർണം |
|---|---|---|---|
| ദാസ് വി എസ്, S/O ശ്യാം ദാസ്, ആർ.ആർ.ഡി. ഭവൻ, കണിക്കോട് | 120 | 638 | 758 |
| ബിജി, മുളവന വീട്, ഈട്ടിമൂട് | 120 | 570.71 | 690.71 |

പഠനമുറിയുടെ വിസ്തീർണം കൂടി ഉൾപ്പെടുത്തി കെട്ടിടത്തിന്റെ വസ്തു നികുതി പുനർണയിക്കേണ്ടതാണ്.

## ഭാഗം -2

### 2-1 ഇല്ല

-

## ഭാഗം -3

### 3-1 ഇല്ല

-

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**ജില്ലാ പഞ്ചായത്ത് വിഹിതം**

| മുന്നിരിപ്പ് | പദ്ധതിയുടെ പേര് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 568104 | ക്ഷീര സമൃദ്ധി | 7200 | 0 | 7200 |
| | ലൈഫ്(ജനറൽ) | 1100622 | 1100622 | 0 |
| | സ്നേഹസ്പർശം | 257625 | 257625 | 0 |
| 568104 | | 1365447 | 1358247 | 575304 |

**ബ്ലോക്ക് പഞ്ചായത്ത് വിഹിതം**

**എ.എഫ്.എസ് പ്രകാരം**

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 394168 | 257625(RP7) | 257625 | 344362 |
| | 2230127(RP31) | 2279933(As Per Ledger) | |

**എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ലൈഫ്(ജനറൽ) | 1289148 | 1289148 | 0 |
| സ്നേഹസ്പർശം | 257625 | 257625 | 0 |
| ഏലിക്കോട്ടുകോണം ലക്ഷം വീട് കോളനി പുനരുദ്ധാരണ പദ്ധതി | 500000 | 361905 | 138098 |
| ആകെ | 2046773 | 1908678 | 138098 |

എ.എഫ്.എസ്, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള വരവും ചെലവും വ്യത്യാസം വന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് വ്യക്തമായ മറുപടി ലഭിച്ചില്ല(എൻക്വയറി നമ്പർ 14 ന്റെ മറുപടി)

ക്ഷീരസമൃദ്ധി പദ്ധതിയ്ക്കായി 285090/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിക്കുകയും ആയത് മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഡയറക്റ്റ് ട്രാൻസ്ഫർ ആയതിനാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ പ്രസ്തുത വരവ്-ചെലവ് വന്നിട്ടില്ല. (എൻക്വയറി നമ്പർ 14 ന്റെ മറുപടി)

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ(സാധാ)നമ്പർ320/2020/ തസ്വഭവ തീയതി 29.01.2020 | 12291000 | 1114338 | 1114338 | 0 | 0 |

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 38100154 | 1260000 | 39360154 | 2573529 | 36786625 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2014-15 | 5-7-2 | കന്നുകുട്ടി പരിപാലന പദ്ധതി ലക്ഷ്യം നേടുന്നില്ല | G.O(Ms)80/17/തസ്വഭവ തീയതി 03.04.2017 മാർഗരേഖ അനുസരിച്ച് ഈ വിഷയത്തിൽ പരിഹാരം ലഭ്യമാക്കിയിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 7,98,34,459 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,94,60,977 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,18,952 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 1,78,884 | ശ്രീ. ഷാജി.ആർ., കൃഷി ഓഫീസർ |
| 1-26 | 2,20,000 | ശ്രീ. ഷാജി.ആർ., കൃഷി ഓഫീസർ |
| 1-37 | 31,717 | ശ്രീമതി സതികുമാരി, എച്ച്.എം. |
| 1-38 | 88,356 | ശ്രീമതി സതികുമാരി, എച്ച്.എം. |

| | | |
|---|---|---|
| 1-39 | 3,99,995 | ശ്രീമതി സതികുമാരി, എച്ച്.എം. |
| **ആകെ** | **9,18,952** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7-2 | 12,800 | വിവിധ സെക്രട്ടറിമാർ |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷാജി.ആർ., കൃഷി ഓഫീസർ | ലഭ്യമല്ല | നന്ദനം, BSNRAG 12A, മലമേൽ നട, മുക്കോലയ്ക്കൽ.പി.ഒ., തിരുവനന്തപുരം |
| ശ്രീമതി സതികുമാരി, എച്ച്.എം. | ലഭ്യമല്ല | ആയില്യം, ഇരുളൂർ, മിതൃമ്മല.പി.ഒ. |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/874/18 തീയതി 08.05.2018 | 8 |
| 2001-02 | | 4 |
| 2003-04 | | 5 |
| 2004-05 | | 12 |
| 2014-15 | | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2589/18 തീയതി | 6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1061/20 തീയതി 17.02.2021 | 36 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്